# പതിനെട്ടാം ശതകത്തിലെ

ജർമനിയുടെ ദേശീയ
ഗെയ്ഥേ
ഇതരദേശക്കാർക്കു യൂറോപ്യൻ
സംസ്കാരത്തിന്റെ പ്രതീകമാണ്.
സാഹിത്യം, കലകൾ, ശാസ്ത്രം,
തത്വചിന്ത, പത്രപ്രവർത്തനം
എന്നിങ്ങനെ നിരവധി മേഖലകളിൽ
വ്യാപരിച്ചിരുന്ന പ്രതിഭാശാലിയായിരുന്നു
യൊഹാൻ വൂൾഫ്ഗാങ് ഫൊൻ ഗെയ്ഥേ.
ഭാവഗീതം, മഹാകാവ്യം, നാടകം,
നോവൽ, ചെറുകഥ, ആത്മകഥ
എന്നിങ്ങനെ രൂപത്തിലും ഭാവത്തിലും
വൈവിധ്യമാർന്നതാണ് ഇദ്ദേഹത്തിന്റെ
സാഹിത്യസൃഷ്ടികൾ. വിവിധ ശാസ്ത്ര
ശാഖകളിലായി ഗെയ്ഥേ രചിച്ച ഈടുറ്റ
പ്രബന്ധങ്ങൾ പതിനാലു ബൃഹദ്
വാല്യങ്ങളുണ്ട്.



ആരാണു ലോകത്തിലെ ഏറ്റവും വലിയ കവിയും നാടകകൃത്തും? ഷേക്സ്പിയർ എന്നു പറയാനാവും ലോകത്തിനു പൊതുവെ താത്പര്യം. എന്നാൽ ജർമൻകാർക്കു സംശയമില്ല. ആ പദവി അവരുടെ ദേശീയ കവി ഗെയ്ഥെയ്ക്ക് അവകാശപ്പെട്ടതു തന്നെ.



*ഗെയ്ഥേ ജനിച്ച ഭവനം-ഫ്രാങ്ക്ഫർട്ട്*

1749 ഓഗസ്റ്റ് 28നു ജർമനിയിലെ ഫ്രാങ്ക്ഫർട്ടിലാണു യൊഹാൻ വൂൾഫ്ഗാങ് ഫൊൻ ഗെയ്ഥേ ജനിച്ചത്. സമ്പന്ന കുടുംബത്തിലായിരുന്നു ജനനം. വിദ്യാഭ്യാസത്തിന്റെ ആദ്യഘട്ടവും വീട്ടിൽതന്നെയായിരുന്നു. ജർമൻ, ഫ്രെഞ്ച്, ഇറ്റാലിയൻ, ഗ്രീക്ക്, ലാറ്റിൻ, ഹീബ്രു തുടങ്ങിയ ഭാഷകൾ വശമാക്കിയെന്നു മാത്രമല്ല. സംഗീതവും ചിത്രരചനയും അഭ്യസിച്ചു. പിതാവിന്റെ ലൈബ്രറിയിലെ വിവിധ ഭാഷകളിലുള്ള ക്ലാസിക്കുകൾ പഠിച്ചു. വളരെ സന്തുഷ്ടമായിരുന്നു തന്റെ ബാല്യകാലമെന്നു 'കവിതയും സത്യവും' എന്ന തന്റെ ആത്മകഥയിൽ ഗെയ്ഥേ പ്രസ്താവിച്ചിട്ടുണ്ട്.

പതിനാറാം വയസ്സിൽ ലൈപ്സിഗ് സർവ്വകലാശാലയിൽ നിയമപഠനത്തിനു ചേർന്നു. പക്ഷേ, നിയമ പുസ്തകങ്ങളെക്കാളേറെ വായിച്ചതു സാഹിത്യ കൃതികളാണ്. മാത്രമല്ല, ഒരു പ്രേമബന്ധത്തിലും കുടുങ്ങി ഇക്കാലത്ത്. ക്രമേണ നിയമപഠനത്തിൽ നിന്നും സാഹിത്യരചനയിലേക്കു തിരിഞ്ഞു. ഇക്കാലത്തെഴുതിയ നാടകമാണു 'കാമുകരുടെ ചാപല്യം.' സന്തുഷ്ടരും അസന്തുഷ്ടരുമായ

# സാഹിത്യ സൂര്യൻ -ഗെയ്ഥേ

രണ്ടുതരം കാമുകന്മാരെ അവതരിപ്പിക്കുന്ന ഈ കൃതിയിൽ പ്രേമമെന്ന വികാരത്തെ അതിസൂക്ഷ്മമായി വിശകലനം ചെയ്തിരിക്കുന്നു. 'എർവിനും എൽമയും', 'പാപത്തിന്റെ പങ്കാളികൾ' എന്നിവയും ഇക്കാലത്തെ രചനകളാണ്.

ഷാർലറ്റ് ബഫ് എന്ന യുവതിയുമായി പ്രണയത്തിലായ ഗെയ്ഥേ എന്ന കാമുകന്റെ ഊഷ്മളമായ ഉൾത്തുടിപ്പുകൾ 'വെർതറുടെ ദുഃഖങ്ങൾ' എന്ന നോവലായി മാറി. ഈ നോവൽ വെറും നാലാഴ്ചകൊണ്ട് ഒരു സ്വപ്നാടകനെപ്പോലെ താൻ രചിച്ചതാണെന്നു ഗെയ്ഥേ പറഞ്ഞിട്ടുണ്ട്. വമ്പിച്ച പ്രതികരണം സൃഷ്ടിച്ച ഒരു പ്രേമകഥയാണിത്. നെപ്പോളിയൻ ചക്രവർത്തി ഈ നോവൽ എട്ടുപ്രാവശ്യം വായിച്ചു എന്നും പടക്കളത്തിൽ പോകുമ്പോഴും വായിക്കാനായി കയ്യിൽ സൂക്ഷിച്ചിരുന്നു എന്നും പറയുന്നുണ്ട്.

ഏതായാലും ഗെയ്ഥേ ഇതോടെ സാഹിത്യലോകത്തു പ്രശസ്തനായി. വെർതറുടെ വേഷവിധാനം പോലും യൂറോപ്പിൽ ഫാഷനായി. വളരെക്കാലം വെർതറുടെ കർത്താവ് എന്ന നിലയിലാണു ഗെയ്ഥേ അറിയപ്പെട്ടത്. ലോട്ടെ ബഫ് എന്ന യുവതിയുമായുള്ള വെർതരുടെ പ്രേമപരാജയത്തിന്റെയും വെർതറുടെ ആത്മഹത്യയുടെയും കഥ പറഞ്ഞ ഈ നോവൽ സ്ത്രീവായനക്കാർക്കിടയിൽ പ്രിയങ്കരമായി. വിഷാദിയും ദുർബലനുമായ ആ കാമുകനും അയാളുടെ ജീവത്യാഗവും പതിനായിരങ്ങളെ കരയിപ്പിച്ചു. കാല്പനിക നോവലിന്റെ ആദിരൂപമായിമാറിയ ഈ കൃതി അനേകം ഭാഷകളിലേക്കു മൊഴിമാറ്റം നടത്തി.



*അഗ്നിയുമായി പ്രൊമിത്യൂസ് ഭൂമിയിലേക്ക്*

ഗെയ്ഥേയുടെ പ്രഖ്യാത നാടകമായ 'പ്രൊമിത്യൂസ്' മതവിശ്വാസങ്ങളോടുള്ള പ്രതിഷേധസൂചകമായി രചിക്കപ്പെട്ടതാണ്. നിഷ്ക്രിയമായ സ്വർഗവാസം ത്യജിച്ചു പ്രൊമിത്യൂസ് ഭൂമിയിലെത്തുന്നു. സ്വന്തം രൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു മിനർവയുടെ സഹായത്തോടെ അവനു ജീവൻ നല്കുന്നു. ഒടുവിൽ മനുഷ്യന്റെ ആവശ്യത്തിനായി സ്വർഗത്തിൽനിന്നും അഗ്നി മോഷ്ടിക്കുമ്പോൾ അസൂയാലുക്കളായ ദേവന്മാർ പ്രൊമിത്യൂസിനെ ഒരു പാറയിൽ ബന്ധിക്കുന്നു. അയാളുടെ കരൾ കൊത്തിത്തിന്നുന്നതിന് ഒരു കഴുകനെയും നിയോഗിക്കുന്നു. ദേവനായതുകൊണ്ടു പ്രൊമിത്യൂസിനു മരണമില്ല. കരൾ നിരന്തരം വളരുന്നു. ഒടുവിൽ ഹെർക്കുലീസ് ശാശ്വതവേദനയിൽ നിന്നും പ്രൊമിത്യൂസിനെ രക്ഷിക്കുന്നു. ഗെയ്ഥേയുടെ സർഗശേഷി പ്രകടമാക്കുന്ന ഈ കൃതി അലസരായി ജീവിക്കുന്നവരോടുള്ള അമർഷം പ്രകടമാക്കുന്നു. ദേവാധിദേവനായ സ്യൂസിനെപോലും ശകാരിക്കുന്ന പ്രൊമിത്യൂസിൽ ഗെയ്ഥേയുടെ ശബ്ദമാണു മുഴങ്ങിക്കേൾക്കുന്നത്.

ഭാരതീയമായ പ്രമേയത്തെ ആധാരമാക്കി ഗെയ്ഥേ രചിച്ച 'ദൈവവും ദേവദാസിയും' എന്ന കവിതയിൽ മഹാവിഷ്ണു തന്റെ അവതാരക്കാലത്ത് ഒരു ദേവദാസിയെ കണ്ടുമുട്ടുന്ന കഥയാണു വിവരിക്കുന്നത്. ദേവദാസിയുടെ ഗൃഹത്തിലെത്തിയ വിഷ്ണു അവളുടെ സത്കാരം സ്വീകരിച്ചു രാത്രി അവളോടൊപ്പം കഴിച്ചുകൂട്ടുന്നു. പ്രഭാതത്തിൽ ഉണർന്നെഴുന്നേറ്റ അവൾ തന്റെ കാമുകൻ മരിച്ചുകിടക്കുന്നതായി കാണുന്നു. ദുഃഖിതയായ അവൾ അയാളെ തന്റെ ഭർത്താവായി സങ്കല്പിച്ച് ആചാരപ്രകാരം മൃതദേഹം ദഹിപ്പിക്കുകയും സതി അനുഷ്ഠിക്കുന്നതിനായി ആ ചിതയിലെ അഗ്നിയിലേക്കു പ്രവേശിക്കയും ചെയ്യുന്നു. അവളെ അത്ഭുതപ്പെടുത്തിക്കൊണ്ടു മഹാവിഷ്ണു തീനാളത്തിൽ പ്രത്യക്ഷനായി അവളോടൊപ്പം സ്വർഗത്തിലേക്ക് ഉയരുന്നു. ഒരിക്കൽ ഒരു പുരുഷനെ സ്നേഹിക്കുന്ന സ്ത്രീ– അവൾ ഒരു പതിതയാണെങ്കിൽകൂടി ആ പുരുഷനുവേണ്ടി എന്തും സമർപ്പിക്കാൻ സന്നദ്ധയാകും എന്നാണു കവി ഈ കഥയിലൂടെ പറയുന്നത്.




വിശ്വസാഹിത്യത്തിലെ ഉത്തമകൃതികളിലൊന്നാണു ഗെയ്ഥേയുടെ 'ഡോക്ടർ ഫൗസ്റ്റ്' എന്ന നാടകം. ഗെയ്ഥെയുടെ മാസ്റ്റർ പീസ്. ജർമനിയുടെ ദേശീയനാടകമായി വിശേഷിപ്പിക്കപ്പെടുന്ന ഈ കൃതിക്കു നിരവധി വ്യാഖ്യാനങ്ങളുണ്ട്. ഇംഗ്ലീഷ് നാടകകൃത്തായ ക്രിസ്റ്റഫർ മാർലോയുടെ 'ഡോക്ടർ ഫോസ്റ്റസ്' എന്ന നാടകമാണ് ഈ കൃതിക്ക് ആധാരമായിട്ടുള്ളത്. ദൈവവും പിശാചും തമ്മിലുള്ള ഒരു പന്തയത്തിൽ നിന്നാണു നാടകം ആരംഭിക്കുന്നത്. ഒടുവിൽ ദൈവകാരുണ്യം കൊണ്ടു ഫൗസ്റ്റ് പിശാചിനെ തോല്പിച്ചു സ്വർഗം പ്രാപിക്കുന്നു. 'പതിനെട്ടാം ശതകത്തിലെ സൂര്യൻ' എന്നു വിശേഷിപ്പിക്കപ്പെടുന്ന ഗെയ്ഥേ 1832 മാർച്ച് 22ന് അന്തരിച്ചു.

❄



# യന്തിരൻ

ജോൺ ജെ.പുതുച്ചിറ

ബാലനോവൽ-3

എന്തായാലും ഇത്താക്കുചേട്ടന്റെ വീട്ടുമുറ്റത്തു കാലുകുത്തിയ നിമിഷത്തിൽതന്നെ നാട്ടിൻപുറത്തെ കുട്ടികൾ ആ റോബോട്ടിനു പേരിട്ടു, യന്തിരൻ!

പക്ഷേ, യന്ത്രമനുഷ്യനുമായി എത്തിയ എസ്തപ്പാനു നാട്ടുകാരെ അതിനോട് അടുപ്പിക്കാൻ അത്ര താത്പര്യം ഉണ്ടായിരുന്നില്ല. പൊയ്ക്കോ, പൊയ്ക്കോ കാഴ്ചയൊക്കെ പിന്നീട്. ഇതിന്റെ ഒരു ബാറ്ററി കൂടി എത്താനുണ്ട്. അതും കൂടി കിട്ടിക്കഴിഞ്ഞാലേ ശരിക്കും വർക്കിംഗ് കണ്ടീഷനിലാകത്തുള്ളൂ. അവൻ കാഴ്ചക്കാരായ് എത്തിയ കുട്ടികളെയും നാട്ടുകാരെയും ഓടിച്ചു വിടാൻ ശ്രമിച്ചു.

എസ്തപ്പാൻ കാറിൽ നിന്ന് ഇറക്കിവച്ച യന്ത്രമനുഷ്യൻ വടിപോലെ തന്നെ അറ്റൻഷനായി ആ വീട്ടുമുറ്റത്തു നില്ക്കുകയാണ്.

എസ്തപ്പാൻ ഓടിച്ചുവിടാൻ ശ്രമിച്ചെങ്കിലും കുട്ടികളുണ്ടോ ആ കൗതുകക്കാഴ്ചയിൽ നിന്നു പിന്മാറുന്നു. അവർ തട്ടിയും മുട്ടിയും കണ്ടുമൊക്കെ ആ യന്ത്രമനുഷ്യനെ ആസ്വദിച്ചു. ഒപ്പം കമന്റുകളും പാസ്സാക്കി.

തന്റെ വീട്ടിൽ ജപ്പാനിൽ നിന്നു വേലക്കാരനായി എത്തിയ യന്ത്രമനുഷ്യനെ ഇത്താക്കു ചേട്ടനും വന്ന് അടിമുടി സൂക്ഷിച്ചുനോക്കി. ബഹിരാകാശ സഞ്ചാരിയുടെ മട്ടുണ്ട്.

എന്നാലും വയസ്സുകാലത്ത് ഇത്താക്കുചേട്ടന്റെയും അന്നാമ്മച്ചേടത്തിയുടെയും ഒരു ഭാഗ്യമേ. നമ്മുടെ ഈ കരയിൽ മറ്റാർക്കെങ്കിലും ഇങ്ങനെ ഒരു ഇരുമ്പുമനുഷ്യനെ വേലക്കാരനായി കിട്ടിയിട്ടുണ്ടോ- ഒരു നാട്ടുകാരൻ അസൂയപ്പെട്ടു.

അടുത്തദിവസം ബാറ്ററി ഫിറ്റു ചെയ്തശേഷം അതിന്റെ പ്രവർത്തനം കൂടുതൽ കണ്ടു മനസ്സിലാക്കണമെന്ന കണക്കുകൂട്ടലിലാണു നാട്ടുകാരിൽ പലരും സന്ധ്യയോടെ അവിടെ നിന്നും പിരിഞ്ഞുപോയത്. നാട്ടുകാരുടെ ശല്യം പൂർണമായും ഒഴിവായതോടെ എസ്തപ്പാൻ റോബോട്ടിന്റെ പ്രവർത്തനം ഇത്താക്കുചേട്ടനും അന്നാമ്മച്ചേടത്തിക്കും കാട്ടിക്കൊടുത്തു.

ഇതാ ഈ റിമോട്ടിൽ പിടിച്ചു ഞെക്കിയിട്ടു 'സിറ്റ് ഡൗൺ' എന്നു പറയുക. എസ്തപ്പാൻ നിർദ്ദേശിച്ചു. ഇത്താക്കുചേട്ടൻ അങ്ങനെ ചെയ്തു.

അത്ഭുതം! അതുവരെ വടിപോലെ നില്ക്കുകയായിരുന്ന യന്ത്ര മനുഷ്യൻ സിറ്റ്ഡൗൺ എന്നു പറഞ്ഞതും ഒരു കസേരയിൽ പോയി ഇരുന്നു!

ഹഹഹ! ഇതു കൊള്ളാമല്ലോ അന്നാമ്മച്ചേടത്തിക്കും സന്തോഷമായി. ജപ്പാനിൽ നിന്നു കൊണ്ടു വന്നതുകൊണ്ട് എല്ലാം ഇംഗ്ലീഷിൽ തന്നെ പറയണോ? ഇത്താക്കുചേട്ടനു സന്ദേഹമായി.



അതൊന്നുമില്ല മലയാളം പറഞ്ഞാലും നമ്മുടെ യന്തിരനു മനസ്സിലാകും- എസ്താപ്പാൻ പറഞ്ഞു. അതുകേട്ടതോടെ ഇത്താക്കുചേട്ടനും അന്നാമ്മചേടത്തിക്കും സമാധാനമായി, സന്തോഷമായി.

എന്നാൽ ഒന്ന് എഴുന്നേറ്റു നിൽക്കെടാ മോനേ. അന്നാമ്മച്ചേടത്തി ആഹ്ലാദത്തോടെ അട്ടഹസിച്ചു.

അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ ആ യന്തിരൻ എഴുന്നേറ്റുനിന്നു.

അതുകേട്ടു സന്തോഷത്തോടെ ഇത്താക്കുചേട്ടനും എസ്തപ്പാനും കയ്യടിച്ചു.

ഈ കുന്ത്രാണ്ടത്തിനെക്കൊണ്ടു പണിയെടുപ്പിക്കുന്നത് എങ്ങനെയാ എസ്തപ്പാനേ-ഇത്താക്കു ചോദിച്ചു.

എസ്തപ്പാൻ അതും കാട്ടിക്കൊടുത്തു.ആദ്യം തന്റെ കൈവശമിരുന്ന റിമോട്ടിൽ പിടിച്ച് ഒന്നു ഞെക്കി. പിന്നീടു കല്പിച്ചു. മിസ്റ്റർറോബോട്ട് മൂന്നു ചായ റെഡിയാക്കൂ.

അതു കേൾക്കേണ്ട താമസം യന്തിരൻ അടുക്കളയിലേക്കു യാത്രയായി. അത്ഭുതത്തോടെ ഇത്താക്കുചേട്ടനും അന്നാമ്മച്ചേടത്തിയും എസ്തപ്പാനും അതിനെ അനുഗമിച്ചു.

കിച്ചണിൽ എത്തിയതും ഒരു സാധാരണ വീട്ടുജോലിക്കാരിയെപ്പോലെ തന്നെ പ്രവർത്തിച്ചു യന്തിരൻ. ഗ്യാസ്സ്റ്റൗ ഓൺചെയ്തു ലൈറ്റുകൊണ്ടു തീകൊളുത്തി. പിന്നീടു ഫ്രിഡ്ജിൽ നിന്നു പാലെടുത്തു പാത്രത്തിലൊഴിച്ചു സ്റ്റൗവിൽ വച്ചു തേയിലയിട്ടു തിളപ്പിച്ചുതുടങ്ങി.

നമ്മൾ ഇരിക്കേണ്ടിടത്ത് ഇരുന്നാൽ മതി. ഇവൻ ചായയുമായി അവിടെ എത്തിക്കൊള്ളും-എസ്തപ്പാൻ പറഞ്ഞു.

അതു ശരിയാണെന്ന് ഇത്താക്കുചേട്ടനും തോന്നി. അവർ മൂവരും കൂടി സിറ്റൗട്ടിലേക്കു പോയി. പിന്നീടു ലോകത്തിലെ അത്ഭുതകരമായ കണ്ടുപിടുത്തങ്ങളെക്കുറിച്ചു ചർച്ചയായി.

അഞ്ചുമിനിറ്റേ താമസമുണ്ടായുള്ളൂ. ചൂടു പറക്കുന്ന മൂന്ന് അടിപൊളി ചായയുമായി യന്തിരൻ അവരുടെ മുന്നിൽ!

*(തുടരും)*

## സിപ്പിയങ്കിളും കുട്ട്യോളും

# വിവേകാനന്ദ സ്വാമിയും ശിഷ്യ നിവേദിതയും

*പ്രിയ കൂട്ടുകാരേ,*

നല്ല വ്യക്തികളെ ആദരിക്കാനും അനുകരിക്കാനും അവരെപ്പോലെ ജീവിക്കാനും നമ്മുടെ മുൻതലമുറക്കാർ നന്നായി ശ്രദ്ധിച്ചിരുന്നു. സമൂഹത്തിൽ അത്തരം മാതൃകാപുരുഷന്മാരായ നല്ല വ്യക്തികളും അക്കാലത്തു ധാരാളമുണ്ടായിരുന്നു.

കുരുക്ഷേത്രയുദ്ധത്തിനായി പുറപ്പെട്ട അർജുനന്റെ തേരു തെളിച്ചിരുന്നതു ശ്രീകൃഷ്ണനായിരുന്നല്ലോ. മിടുക്കനായ ആ 'കുതിരക്കാരന്റെ' ചിത്രം കണ്ടു തനിക്കും അതുപോലൊരു കുതിരക്കാരനാകണമെന്ന് അമ്മയോട് ആവശ്യപ്പെട്ട കുട്ടിയായിരുന്നു പില്ക്കാലത്തു സ്വാമി വിവേകാനന്ദനായിത്തീർന്ന കൊച്ചുനരേന്ദ്രൻ.

മഹാത്മാഗാന്ധിയുടെ പെരുമാറ്റവും വിനയവും ജീവിതവും അനുകരിക്കാൻ ശ്രമിച്ച അനേകരിൽ ഒരാളായിരുന്നു പില്ക്കാലത്തു കേരളഗാന്ധിയെന്ന് അറിയപ്പെട്ട കെ. കേളപ്പൻ.

ശ്രീനാരായണഗുരുദേവന്റെ ആദർശങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്താൻ ശ്രമിച്ചവരിൽ പ്രമുഖരാണു കുമാരനാശാനും സഹോദരനയ്യപ്പനും ഡോക്ടർ പല്പുവുമെല്ലാം.

ഇങ്ങനെ മഹാന്മാരെ അനുകരിച്ചും അവരുടെ പാദമുദ്രകൾ പിന്തുടർന്നും ശ്രദ്ധേയരായിത്തീർന്ന നിരവധിപ്പേരെ നമുക്കു ചരിത്രത്തിന്റെ ഏടുകളിൽ കാണാം.

അയർലണ്ടിലെ ഒരു ക്രിസ്ത്യൻ പള്ളിയിലെ വികാരിയച്ചനു കുസൃതിക്കുടുക്കയായ ഒരു മകളുണ്ടായിരുന്നു. മാർഗരറ്റ് എലിസബത്ത് നോബിൾ എന്നായിരുന്നു അവളുടെ പേര്.

കുട്ടിക്കാലത്തു തന്നെ നോബിളിനു പുസ്കവായനയിൽ വലിയ താത്പര്യമായിരുന്നു. മഹാന്മാരുടെ ജീവിതകഥകൾ വായിക്കുന്നതിലായിരുന്നു നോബിളിന് ഏറ്റവും കൂടുതൽ താത്പര്യം.

അല്പം മുതിർന്നപ്പോൾ നോബിൾ പല ജനോപകാരപ്രദമായ കാര്യങ്ങളിലും ഇടപെടാൻ തുടങ്ങി. കുറെക്കൂടി പഠിച്ചുവളർന്നപ്പോൾ അവളൊരു അധ്യാപികയായി സേവനം ആരംഭിച്ചു. ചുരുങ്ങിയകാലംകൊണ്ടുതന്നെ ഒരു നല്ല അധ്യാപിക എന്ന പേരു സമ്പാദിക്കാൻ അവൾക്കു വിഷമമുണ്ടായില്ല.



*സിസ്റ്റർ നിവേദിത*

ഇതിനിടയിലാണു ലണ്ടനിൽ സ്വാമി വിവേകാനന്ദൻ ഒരു പ്രസംഗത്തിനായി വന്നുചേർന്നത്. സ്വാമിയുടെ പ്രസംഗം കേൾക്കാൻ നിരവധി ജനങ്ങൾ തടിച്ചുകൂടി. അക്കൂട്ടത്തിൽ എലിസബത്ത് നോബിളും ഉണ്ടായിരുന്നു.

ഭാരതീയ പൈതൃകത്തിന്റെ ഉള്ളറകളിലേക്കു വെളിച്ചം വീശുന്ന അദ്ദേഹത്തിന്റെ പ്രസംഗം നോബിൾ ടീച്ചറെ നന്നായി ആകർഷിച്ചു. എങ്കിലും അവരുടെ മനസ്സിൽ ചില സംശയങ്ങളും നാമ്പെടുത്തു. യുക്തിയുക്തമായ പല ചോദ്യങ്ങളും നോബിൾ ടീച്ചർ സ്വാമിജിയോടു ചോദിച്ചു. അദ്ദേഹം അവയ്ക്കെല്ലാം മണിമണിപോലെ ഉത്തരവും നല്കി.

എന്തിനു പറയുന്നു, വിവേകാനന്ദന്റെ പാണ്ഡിത്യവും വ്യക്തിത്വവും ചൈതന്യം തുടിക്കുന്ന മുഖഭാവവുമെല്ലാം എലിസബത്ത് നോബിളിനെ പിടിച്ചുലച്ചു.

"അങ്ങയെ ഗുരുവായി സ്വീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരെളിയ ശിഷ്യയായി അങ്ങെന്നെ ഏറ്റെടുക്കണം."-മാർഗരറ്റ് നോബിൾ വിനയപൂർവം അപേക്ഷിച്ചു.

"അങ്ങനെയാണു താത്പര്യമെങ്കിൽ നോബിൾ എന്നോടൊപ്പം ഭാരതത്തിലേക്കു പോരുന്നോളൂ"-സ്വാമിജി അനുവാദം നല്കി. അങ്ങനെ എലിസബത്ത് നോബിൾ എന്ന ഇംഗ്ലീഷുകാരിപ്പെണ്ണു ഭാരതത്തിന്റെ മണ്ണിൽ കാലുകുത്തി. ഭാരതീയസംസ്കാരവും ഗീതാരഹസ്യവുമെല്ലാം പകർന്നു നല്കിയ സ്വാമിജി നോബിളിനു വിശുദ്ധി തുളുമ്പുന്ന ഒരു പേരും നല്കി. അതാണു 'സിസ്റ്റർ നിവേദിത'.

ഇംഗ്ലീഷുകാർ നമ്മെ അടിമകളാക്കി ഭരിക്കുന്ന കാലമായിരുന്നു അത്. ഇംഗ്ലീഷുകാരുടെ ഈ കിരാതരീതിയെ അവർ വെറുത്തു.

ബംഗാളിൽ വെള്ളപ്പൊക്കമുണ്ടായപ്പോൾ ദുരിതബാധിതരെ സഹായിക്കാൻ ഒരു മാടപ്രാവിനെപ്പോലെ സിസ്റ്റർ നിവേദിത പാറിനടന്നു. ഊണും ഉറക്കവുമില്ലാതെ സാധുക്കളുടെ കണ്ണീരൊപ്പുന്ന സിസ്റ്ററിനെ രവീന്ദ്രനാഥടാഗോർ ലോകമാതാവെന്നു വിശേഷിപ്പിച്ചു. 44-ാമത്തെ വയസ്സിൽ ആ വന്ദ്യതപസ്വിനി നമ്മിൽ നിന്നും പറന്നകന്നു.

നല്ലൊരു ഗുരുവിനെ കണ്ടെത്താനായതുകൊണ്ടാണു സിസ്റ്റർ നിവേദിതയുടെ ജീവിതം സഫലമായത്. ഇതേപോലുള്ള നല്ല മാതൃകകൾ കണ്ടെത്താനാണു നമ്മളും ശ്രമിക്കേണ്ടത്.

*സസ്നേഹം*

**സിപ്പിയങ്കിൾ**

*പി. ചിദംബരം മുല്ലപ്പെരിയാർ പ്രശ്നം സംബന്ധിച്ചു ചെന്നൈയിൽ നടത്തിയ പ്രസ്താവന നിരുത്തരവാദപരവും അദ്ദേഹത്തിന്റെ പദവിക്കു നിരക്കാത്തതും ഇന്ത്യൻ ഭരണഘടനയ്ക്കു തന്നെ വിരുദ്ധവുമാണെന്നു രാഷ്ട്രീയ സാമുദായിക ഭേദമില്ലാതെ എല്ലാവരും തന്നെ അഭിപ്രായപ്പെട്ടു. കേരളത്തിൽ നിന്നുമുള്ള കേന്ദ്രമന്ത്രിമാർ, എം.പിമാർ, രാഷ്ട്രീയ നേതാക്കൾ, സാമുദായിക-സാംസ്കാരിക നായകർ തുടങ്ങി എല്ലാതുറകളിലും പെട്ടവർ നിശിതമായാണ് ചിദംബരത്തിന്റെ പ്രസ്താവനയെ വിമർശിച്ചത്. നേതാക്കളുടെ പ്രതികരണങ്ങൾ.*

# ചിദംബരത്തിന്റെ പ്രസ്താവന അസംബന്ധം – കെ.എം. മാണി



മുല്ലപ്പെരിയാർ വിഷയത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി പി.ചിദംബരം നടത്തിയ പ്രസ്താവന അസംബന്ധമാണെന്നു കേരളാ കോൺഗ്രസ് (എം) ചെയർമാനും ധനമന്ത്രിയുമായ കെ.എം. മാണി. ചിദംബരത്തിനു മറുപടി പറയേണ്ടതു താനല്ല, കോൺഗ്രസ് നേതൃത്വമാണ്. കെപിസിസി പ്രസിഡണ്ട് രമേശ് ചെന്നിത്തലയും മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും ചിദംബരത്തിനു മറുപടി നല്കണം. ഞങ്ങളെപ്പോലുള്ള പാർട്ടികളെ പുച്ഛിക്കരുത്. ചിദംബരം, താങ്കൾ പുച്ഛിച്ചത് ഒരു പക്ഷേ, കോൺഗ്രസിനെത്തന്നെയാകാം. പക്ഷേ, ആ പുച്ഛം ഏറ്റുവാങ്ങാൻ ഞങ്ങൾ തയ്യാറല്ല.

കാബിനറ്റ് പദവിയിലുള്ള ഒരു മന്ത്രി ഏതെങ്കിലും ഒരു സംസ്ഥാനത്തിനു വേണ്ടി മാത്രം വാദിക്കുന്നതു ശരിയല്ല. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിലെ രാഷ്ട്രീയപാർട്ടികൾ കാട്ടുന്ന ആശങ്ക പിറവം ഉപതെരഞ്ഞെടുപ്പു മുന്നിൽ കണ്ടുള്ള ഇലക്ഷൻ സ്റ്റണ്ടാണെന്ന ചിദംബരത്തിന്റെ പ്രസ്താവന തീർത്തും നിർഭാഗ്യകരമായിപ്പോയി. തങ്ങൾക്ക് അനുകൂലമായി ഒരു കോടതിവിധി വരുമെന്നു പറയാൻ നിയമജ്ഞനായ അദ്ദേഹത്തിന് എങ്ങനെ കഴിഞ്ഞു? ഇന്ത്യൻ ഫെഡറൽ സംവിധാനത്തെ പരസ്യമായി വെല്ലുവിളിക്കുകയാണു ചിദംബരം നിരുത്തരവാദപരമായ തന്റെ പ്രസ്താവനയിലൂടെ ചെയ്തിരിക്കുന്നത്. രാജ്യത്തിന്റെ അഖണ്ഡതയും കെട്ടുറപ്പും നിലനില്ക്കണമെന്നാഗ്രഹിക്കുന്ന ആർക്കും ചിദംബരത്തിന്റെ പ്രസ്താവനയെ ന്യായീകരിക്കുവാൻ കഴിയുകയില്ലെന്നും കെ.എം. മാണി പറഞ്ഞു.

# ചിദംബരം അദ്ദേഹത്തിന്റെ പദവിയുടെ മഹത്വം ഇടിച്ചു – പി.ജെ. ജോസഫ്



മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച കേരളത്തിന്റെ ആശങ്ക ഉപതെരഞ്ഞെടുപ്പു മുന്നിൽകണ്ടുള്ളതു മാത്രമാണെന്ന കേന്ദ്ര ആഭ്യന്തരമന്ത്രി പി. ചിദംബരത്തിന്റെ പ്രസ്താവന അദ്ദേഹം ഇരിക്കുന്ന പദവിയുടെ മഹത്വം ഇടിക്കുന്നതാണെന്നു സംസ്ഥാന ജലവിഭവമന്ത്രി പി.ജെ. ജോസഫ് പ്രതികരിച്ചു.

ഇന്ത്യയുടെ ആഭ്യന്തര മന്ത്രി ഒരു പ്രസ്താവന നടത്തുമ്പോൾ അതിന് ആധാരമായി ഒരു റിപ്പോർട്ട് ഉണ്ടാകണം. അതുണ്ടെങ്കിൽ അദ്ദേഹമതു വെളിപ്പെടുത്തണം. ചപ്പാത്തിൽ മുല്ലപ്പെരിയാർ വിഷയത്തിൽ സമരം തുടങ്ങിയിട്ട് അഞ്ചുവർഷം പിന്നിട്ടിരിക്കുന്നു. ഈ വിഷയത്തിൽ കേരള നിയമസഭ ഏകകണ്ഠമായാണു പ്രമേയം പാസാക്കിയത്. അന്നെല്ലാം ടി.എം.ജേക്കബ് ജീവിച്ചിരുന്നു. പിന്നീടെങ്ങനെ ഇതു പിറവം ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയമാകും?

ചിദംബരം നടത്തിയ പ്രസ്താവന പിൻവലിച്ചു മാപ്പു പറയണം. എന്നാൽ, കോടതിയിൽ കേസ് തമിഴ്നാടു ജയിക്കുമെന്നു പറഞ്ഞതിന് അദ്ദേഹം തന്റെ മന്ത്രിസ്ഥാനം രാജിവയ്ക്കുകതന്നെ വേണം. അദ്ദേഹം കോടതിയെ സ്വാധീനിക്കാൻ ശ്രമിച്ചിരിക്കുകയാണ്. അതു സത്യപ്രതിജ്ഞാ ലംഘനമാണ്. കേന്ദ്രമന്ത്രിയായി തുടരാനുള്ള അദ്ദേഹത്തിന്റെ അർഹത നഷ്ടപ്പെട്ടിരിക്കുകയാണ്. ദുരന്തനിവാരണ പ്രശ്നവുമായി താനും മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനും ചിദംബരത്തെ സന്ദർശിച്ചപ്പോൾ ദുരന്തമായിട്ടു പോരേ പ്രശ്നപരിഹാരമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണമെന്നു പി.ജെ. ജോസഫ് വെളിപ്പെടുത്തി. എരിതീയിൽ എണ്ണയൊഴിക്കുന്ന ക്രൂരമായ നടപടിയാണു ചിദംബരം ചെയ്തിരിക്കുന്നത്- പിജെ. ജോസഫ് പറഞ്ഞു

# ചിദംബരം സാമൂഹ്യവിരുദ്ധ ശക്തികൾക്കൊപ്പം -വി.എസ്. അച്യുതാനന്ദൻ



മുല്ലപ്പെരിയാർ തർക്കത്തിൽ പ്രധാനമന്ത്രിയുടെ ഉറപ്പിനു വിരുദ്ധമായി കേന്ദ്ര ആഭ്യന്തരമന്ത്രി ചിദംബരം തമിഴ്നാട്ടിൽ മലയാളികൾക്കെതിരെ ആക്രമണം നടത്തുന്ന സാമൂഹ്യവിരുദ്ധ ശക്തികൾക്കൊപ്പം അണി ചേർന്നതിനു തുല്യമാണ് അദ്ദേഹത്തിന്റെ പ്രസ്താവന എന്ന് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ കുറ്റപ്പെടുത്തി.

ഭരണഘടനാ ലംഘനവും സത്യപ്രതിജ്ഞാലംഘനവും നടത്തിയ പി.ചിദംബരത്തെ മന്ത്രിസഭയിൽ നിന്നു പുറത്താക്കുക മാത്രമാണു രാജ്യത്തിന്റെ അഖണ്ഡത ആഗ്രഹിക്കുന്നുവെങ്കിൽ കേന്ദ്രസർക്കാർ ചെയ്യേണ്ടത്. ഇരു സംസ്ഥാനത്തെയും ജനങ്ങൾ തമ്മിലുള്ള നല്ല ബന്ധം കാത്തുസൂക്ഷിക്കാൻ നടപടി സ്വീകരിക്കാൻ ബാധ്യതപ്പെട്ട കേന്ദ്ര ആഭ്യന്തരമന്ത്രി പരസ്യമായി പക്ഷം ചേരുകയാണു ചെയ്തത്.

രണ്ടു സംസ്ഥാനങ്ങളിലെ ജനങ്ങളെ തമ്മിലടിപ്പിക്കുന്ന സങ്കീർണ പ്രശ്നമാക്കി മുല്ലപ്പെരിയാർ വിഷയത്തെ മാറ്റുന്ന കുറ്റകരമായ ഇടപെടലാണു കേന്ദ്ര ആഭ്യന്തരമന്ത്രി ചിദംബരം നടത്തിയിരിക്കുന്നതെന്നും അച്യുതാനന്ദൻ പറഞ്ഞു.

# പ്രസ്താവന അനുചിതം -കെ.വി. തോമസ്



മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി പി.ചിദംബരത്തിന്റെ പ്രസ്താവന അനുചിതമാണെന്നു കേന്ദ്രഭക്ഷ്യ മന്ത്രി കെ.വി.തോമസ്. തമിഴ്നാട്-കേരള മുഖ്യമന്ത്രിമാർ തമ്മിലുള്ള ചർച്ചകൾ കൊണ്ടോ കോടതിവിധിവഴിയോ പരിഹരിക്കേണ്ട പ്രശ്നത്തിൽ ചിദംബരത്തിന്റെ ഇത്തരത്തിലുള്ള ഇടപെടൽ പ്രതീക്ഷിച്ചില്ല. കേന്ദ്രസർക്കാരിന്റെയോ കോൺഗ്രസ് പാർട്ടിയുടെയോ നിലപാടല്ല ചിദംബരം വ്യക്തമാക്കിയത്. അദ്ദഹത്തിന്റെ സങ്കുചിത താത്പര്യത്തിൽ നിന്നുണ്ടായതാണത്. ആ നിരുത്തരവാദ പ്രസ്താവനയ്ക്ക് ഉത്തരവാദി അദ്ദേഹം മാത്രമാണ്.

# ചിദംബരം രാഷ്ട്രീയ പാരമ്പര്യത്തിനുമേൽ സ്വയം ചെളിയെറിഞ്ഞു -പി.കെ. കുഞ്ഞാലിക്കുട്ടി



സുദീർഘമായ രാഷ്ട്രീയ പാരമ്പര്യത്തിനുമേൽ സ്വയം ചെളിവാരിയെറിയുകയാണു മുല്ലപ്പെരിയാർ പ്രസ്താവനയിലൂടെ കേന്ദ്ര ആഭ്യന്തരമന്ത്രി പി. ചിദംബരം ചെയ്തതെന്നു വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു.

ഏകപക്ഷീയമായ പ്രസ്താവനയാണു ചിദംബരം നടത്തിയത്. നിരുത്തരവാദപരമായ ഇത്തരം പ്രസ്താവന സംസ്ഥാന സർക്കാർ മുഖവിലയ്ക്കെടുക്കുന്നില്ല. ചിദംബരത്തെ പ്രധാനമന്ത്രി തിരുത്തണം. കേന്ദ്രമന്ത്രിസ്ഥാനത്തിരുന്നു രാജ്യതാത്പര്യം സംരക്ഷിക്കാൻ അദ്ദേഹം ബാധ്യസ്ഥനാണ്.

കേരളത്തിൽ തമിഴ്നാട്ടുകാർക്കു നേരേ വ്യാപകമായ അക്രമം നടക്കുന്നുവെന്ന വ്യാജവാർത്തകൾ നല്കി തമിഴ്ജനതയെ പ്രകോപിപ്പിക്കുകയാണ് അവിടത്തെ ചില മാധ്യമങ്ങൾ. ചിദംബരത്തിന്റെ പ്രസ്താവനയും ഇരു സംസ്ഥാനത്തെയും ജനങ്ങൾ തമ്മിൽ പരസ്പരവൈരം ആളിക്കത്തിക്കുവാനേ ഉപകരിക്കൂ എന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

# ചിദംബരത്തെ ജയിലിലടയ്ക്കണം -ആർ. ബാലകൃഷ്ണപിള്ള



സുപ്രീംകോടതി ജഡ്ജിമാരെപ്പോലും ഭീഷണിപ്പെടുത്തുന്ന നിലയിൽ പ്രസംഗിച്ച ആഭ്യന്തരവകുപ്പു മന്ത്രി പി. ചിദംബരത്തെ ആ പദവിയിൽ നിന്നും പുറത്താക്കി അറസ്റ്റു ചെയ്തു വിചാരണ നടപടികൾക്കു വിധേയനാക്കണമെന്നു കേരളാ കോൺഗ്രസ് (ബി) നേതാവ് ആർ. ബാലകൃഷ്ണപിള്ള ആവശ്യപ്പെട്ടു. രാജ്യത്തെ ഞെട്ടിച്ച അഴിമതിയായ 2ജി സ്പെക്ട്രം കേസിൽ പങ്കുള്ള ചിദംബരത്തെ നേരത്തെ അകത്താക്കേണ്ടതായിരുന്നു. അദ്ദേഹത്തിനെതിരെ സുപ്രീംകോടതിയിലുള്ള തെരഞ്ഞെടുപ്പുകേസിൽ എത്രയും വേഗം ശിക്ഷ കിട്ടട്ടെയെന്നു കേരളജനതയോടൊപ്പം ഞാനും പ്രാർത്ഥിക്കുന്നു. മുപ്പത്തഞ്ചുലക്ഷം പേരുടെ ജീവനപഹരിക്കുന്നതിനു കൂട്ടുനിന്നിട്ടുള്ള ഭരണം വേണ്ട. മുല്ലപ്പെരിയാർ മേഖലയിൽ ആറു മാസത്തിനിടെ 22 ഭൂചലനമുണ്ടായെന്നു പി.ജെ. ജോസഫ് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, നാലെണ്ണമേ ഉണ്ടായിട്ടുള്ളുവെന്നാണു ജയലളിത പറയുന്നത്. ഭൂചലനമുണ്ടായിട്ടേയില്ല എന്നു പറയാത്തതു ഭാഗ്യം-ആർ. ബാലകൃഷ്ണപിള്ള പറഞ്ഞു.

# ചിദംബരത്തിന്റെ പ്രസ്താവന ദൗർഭാഗ്യവും കുറ്റകരവും – എം. പി. വീരേന്ദ്രകുമാർ



ദേശീയ പ്രശ്നമായ മുല്ലപ്പെരിയാറിനെ പ്രാദേശിക പ്രശ്നമായി കണ്ട് കേന്ദ്ര ആഭ്യന്തരമന്ത്രി പി.ചിദംബരം തമിഴ്നാടിന്റെ പക്ഷം ചേർന്നു നടത്തിയ പ്രസ്താവന ദൗർഭാഗ്യകരവും കുറ്റകരവുമാണെന്ന് സോഷ്യലിസ്റ്റ് ജനത സംസ്ഥാന പ്രസിഡണ്ട് എം. പി.വീരേന്ദ്രകുമാർ പറഞ്ഞു.

ഡാം തകർന്നാൽ തമിഴ്നാട്ടിലെ ആറു ജില്ലകൾ വെള്ളം കിട്ടാതെ ദുരിതത്തിലാകും. കേരളത്തിലെ അഞ്ചുജില്ലകളിലെ ജീവജാലങ്ങൾ ഒന്നടങ്കം ഇല്ലാതാകും. രാജ്യത്തെ ഏറ്റവും വലിയ ദുരന്തങ്ങളിലൊന്നായ ഭോപ്പാൽ ദുരന്തം ഭോപ്പാലുകാരുടെ മാത്രം ദുരന്തമല്ല. ഇതേരീതിയിൽ ചിന്തിച്ചാൽ മുല്ലപ്പെരിയാർ കേരളത്തിന്റെ മാത്രം ദുരന്തമാകില്ല. അതിനാൽ ഇത് ഒരു ദേശീയ പ്രശ്നമാണ്.

ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ഒരു പരിഹാരമാണ് മുല്ലപ്പെരിയാറിലുണ്ടാകേണ്ടത്. അതിനു കേന്ദ്രസർക്കാർ കർശന നിലപാട് സ്വീകരിക്കണം. പി. ചിദംബരത്തെപ്പോലുള്ള നേതാക്കന്മാരുടെ പ്രസ്താവനായുദ്ധം ആദ്യം അവസാനിപ്പിക്കണം വീരേന്ദ്രകുമാർ പറഞ്ഞു.

# ചിദംബരത്തെ പ്രധാനമന്ത്രി പുറത്താക്കണം – പിണറായി വിജയൻ



കേരളത്തിലെയും തമിഴ്നാട്ടിലെയും ജനങ്ങൾക്കിടയിൽ വിദ്വേഷം വളർത്തുന്നനിലയിൽ പ്രസംഗിച്ച ആഭ്യന്തരമന്ത്രി പി.ചിദംബരത്തെ കേന്ദ്രമന്ത്രിസഭയിൽ നിന്നും പ്രധാനമന്ത്രി പുറത്താക്കണമെന്നു സി. പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ. സത്യപ്രതിജ്ഞാലംഘനമാണു ചിദംബരം നടത്തിയത്. ഇതിനു നീതികരണം ഇല്ല. അതിനാൽ ഉടൻ നടപടിയുണ്ടാകണം- പിണറായി പറഞ്ഞു.

# ചിദംബരത്തിന്റെ പ്രസ്താവന നിർഭാഗ്യകരം – രമേശ് ചെന്നിത്തല



പ്രധാനമന്ത്രി മുൻകൈയെടുത്തു മുല്ലപ്പെരിയാർ പ്രശ്നത്തിനു പരിഹാരം കാണാൻ ശ്രമിക്കുന്ന അവസരത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി പി.ചിദംബരം നടത്തിയ പ്രസ്താവന അങ്ങേയറ്റം നിർഭാഗ്യകരമായിപ്പോയെന്നു കെ. പി.സിസി പ്രസിഡണ്ട് രമേശ് ചെന്നിത്തല അഭിപ്രായപ്പെട്ടു.

ചിദംബരത്തിന്റെ പ്രസ്താവനയിലെ അനൗചിത്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുമെന്നും ചെന്നിത്തല പറഞ്ഞു.

*16-ാം പേജിൽ നിന്നും തുടർച്ച*

## അപഹാസ്യമായി അവശേഷിക്കുന്ന കാര്യങ്ങൾ



എന്നാൽ, ദിവസങ്ങൾക്കകം അദ്ദേഹം പറഞ്ഞതു വിഴുങ്ങി. തെറ്റിദ്ധാരണ മൂലമാണു താൻ പോളിറ്റ് ബ്യൂറോ പ്രമേയത്തിനെതിരായ പ്രസ്താവന നടത്തിയതെന്നു വ്യക്തമാക്കി, ഇക്കാര്യം വിശദീകരിച്ചു പിബിക്കു കത്തയയ്ക്കുകയും ചെയ്തു. പിബിയെ തിരുത്താനിറങ്ങിയ അച്യുതാനന്ദനു സ്വയം തിരുത്തേണ്ടി വന്നു! എന്തായാലും അദ്ദേഹത്തിന്റെ മലക്കം മറിച്ചിൽ അപഹാസ്യമായിരുന്നു.

മുല്ലപ്പെരിയാർ പ്രശ്നത്തിൽ വിവാദപരമായ പ്രസംഗം നടത്തി തമിഴ്നാട്ടുകാരെ സന്തോഷിപ്പിക്കാനും തന്റെ രാഷ്ട്രീയ അടിത്തറ സുരക്ഷിതമാക്കാനും കേന്ദ്ര ആഭ്യന്തരമന്ത്രി പി.ചിദംബരം നടത്തിയ ശ്രമം അപഹാസ്യമാണെന്ന് അദ്ദേഹത്തിന്റെ സമുന്നത നേതാക്കൾ തന്നെ സംശയലേശമെന്യേ ചൂണ്ടിക്കാട്ടുകയുണ്ടായി.

പിറവം ഉപതെരഞ്ഞെടുപ്പു ലക്ഷ്യമാക്കിയാണു മുല്ലപ്പെരിയാർ പ്രശ്നം ഉയർത്തിക്കൊണ്ടുവന്നതെന്നു പരിഹസിച്ച അദ്ദേഹം കടുത്ത പ്രതിഷേധവും വിമർശനവും അണപൊട്ടിയൊഴുകിയപ്പോൾ തന്റെ പ്രസംഗത്തിലെ ചില ഭാഗങ്ങൾ പിൻവലിച്ചെങ്കിലും ആ പ്രസംഗത്തിലെ മറ്റു ഭാഗങ്ങൾ അപഹാസ്യമായിത്തന്നെ അവശേഷിക്കുന്നു.



# മാനം തെളിഞ്ഞു മനവും തെളിഞ്ഞു

**സവ്യസാചി**

**നളചരിതം 10**

ദമയന്തിയെ കണ്ട ബാഹുകൻ ദുഃഖവും സങ്കടവും സഹിക്കാതെ വിതുമ്പിക്കരഞ്ഞുപോയി. ബാഹുകന്റെ മലിനവേഷവും രൂപവും കണ്ടപ്പോൾ ദമയന്തിയും കരഞ്ഞുപോയി.

കണ്ണീരിനും കരച്ചിലും ഇടയിലൂടെ അവൾ ചോദിച്ചു: ഉറങ്ങുന്ന പെണ്ണിനെ കാട്ടിൽ ഉപേക്ഷിച്ചുപോയ മനുഷ്യനെ ബാഹുകാ, അങ്ങു കണ്ടിട്ടുണ്ടോ? തളർന്നുറങ്ങുന്ന നിരപരാധിനിയും നിഷ്കളങ്കയുമായ ഇഷ്ടപത്നിയെ പുണ്യശ്ലോകനായ നളനല്ലാതെ മറ്റാരാണ് ഉപേക്ഷിച്ചു പോവുക? ആ രാജാവിനു ഞാൻ എന്തെങ്കിലും പിഴ ചെയ്തിട്ടുണ്ടോ, എന്നെയിങ്ങനെ കാട്ടിൽ കൈവിട്ടുപോകാൻ? ദേവകളെ ഉപേക്ഷിച്ചും ഞാനവനെ എന്റെ ഭർത്താവായി സ്വീകരിച്ചവളല്ലേ? അവന്റെ രക്തത്തിൽ പിറന്ന രണ്ടു കുട്ടികളുടെ അമ്മയായ എന്നെ ഉപേക്ഷിച്ചു പോകാൻ അവനെങ്ങനെ തോന്നി? ദേവന്മാരുടെ മുന്നിൽ വച്ച് അഗ്നിസാക്ഷിയായി കൈപിടിച്ചപ്പോൾ, എന്നെ എന്നും സംരക്ഷിച്ചു കൊള്ളാം എന്നവൻ ചെയ്ത പ്രതിജ്ഞ ഇപ്പോൾ എവിടെപ്പോയി?

ദമയന്തി ഇങ്ങനെ ചോദിക്കുമ്പോൾ നളൻ കണ്ണുകൾ നിറഞ്ഞു, പാതികരഞ്ഞും കരയാതെയും മറുപടി പറഞ്ഞു: പ്രിയേ, എല്ലാം കലി വരുത്തിവച്ച വിനകളായിരുന്നു. ചൂതുകളിച്ചതും രാജ്യം പോയതും നിന്നെ ഉപേക്ഷിച്ചു പോയതും എല്ലാം. ഒന്നും ദമയന്തീ, ഞാൻ അറിഞ്ഞുകൊണ്ടു ചെയ്തതല്ല. നീ മുമ്പു ശപിച്ചതുകൊണ്ട് അവൻ എന്റെ ദേഹത്തിലിരുന്നു വേവുകയായിരുന്നു. എന്റെ തപസ്സും ജ്ഞാനവും കൊണ്ട് ഇപ്പോൾ അവൻ എന്നെ വിട്ടൊഴിഞ്ഞു പോയി. നമ്മുടെ ദുഃഖങ്ങൾക്കെല്ലാം ഇപ്പോൾ അറുതി വന്നിരിക്കുന്നു.

എന്നാലും, ദമയന്തീ, തെല്ലുനിർത്തിയിട്ടു നളൻ തുടർന്നു: നീ ചെയ്തതു ക്രൂരതയായിപ്പോയി. ഭർത്താവ് ആപത്തിൽ പെട്ടാൽ ഉടനെ പതിവ്രതയായ ഒരു ഭാര്യ മറ്റൊരു ഭർത്താവിനെ അന്വേഷിക്കുമോ? നീ രണ്ടാം സ്വയംവരം നിശ്ചയിച്ചു കളഞ്ഞില്ലേ? ബ്രാഹ്മണർ ആ വാർത്ത നാട്ടിലെമ്പാടും അറിയിച്ചില്ലേ?

നളൻ ഇങ്ങനെ ചോദിച്ചപ്പോൾ ദമയന്തി വല്ലാതെ ഭയപരവശയായി. അവൾ കരഞ്ഞുകൊണ്ടു പറഞ്ഞു: പ്രാണനാഥാ, പൊറുക്കണേ. എല്ലാം അങ്ങയെ കണ്ടുപിടിക്കാനുള്ള തന്ത്രങ്ങൾ മാത്രമായിരുന്നു. എന്നെ തെറ്റിദ്ധരിക്കരുതേ. അങ്ങയെ അന്വേഷിച്ചുപോയ ബ്രാഹ്മണരിൽ പർണാദൻ അയോധ്യയിൽ വന്നപ്പോൾ, അദ്ദേഹം ചൊല്ലിയ അടയാളവാക്കിന് അങ്ങു മറുവാക്കു ചെല്ലിയതറിഞ്ഞപ്പോൾ തന്നെ ഞാൻ തീർച്ചയാക്കി, അത് അങ്ങുതന്നെയായിരിക്കുമെന്ന്. പക്ഷേ, ബാഹുകനെന്ന പേരും വേഷവും രൂപവുമെല്ലാം തെറ്റിദ്ധരിപ്പിക്കുന്നതായിരുന്നു. അതുകൊണ്ട് അങ്ങയെ എങ്ങനെയെങ്കിലും ഇവിടെ വരുത്തണമെന്നു കരുതിയാണു രണ്ടാം സ്വയംവരമെന്ന വ്യാജവാർത്ത ഉണ്ടാക്കിയത്. അതു കോസല രാജധാനിയിൽ മാത്രമേ അറിയിച്ചുള്ളു. മറ്റാരും അറിഞ്ഞിട്ടില്ല. നൂറുയോജന ദൂരം ഒരു പകൽ കൊണ്ടു പിന്നിട്ട് ഇവിടെ വരാൻ അശ്വഹൃദയജ്ഞനായ അങ്ങേക്കു മാത്രമേ കഴിയൂ എന്നെനിക്കുറപ്പായിരുന്നു.

രാജാവേ, ഇതാണു സത്യം- ദമയന്തി തുടർന്നു: അങ്ങയുടെ കാലിൽ പിടിച്ചു ഞാനപേക്ഷിക്കുന്നു. എന്നെ തെറ്റിദ്ധരിക്കരുതേ. എന്റെ മനസ്സും ശരീരവും ശുദ്ധമാണ്. ഭർത്താവിനെയല്ലാതെ മറ്റൊരു പുരുഷനെ സ്വപ്നത്തിൽ പോലും ഞാൻ ഓർത്തിട്ടില്ല. ഇതു തെറ്റാണെങ്കിൽ ദേവകളെന്നെ ശിക്ഷിക്കട്ടെ. ശരിയെങ്കിൽ അവർ തന്നെ എനിക്കു സാക്ഷ്യം നല്കട്ടെ. ഇത്രയും പറഞ്ഞു ദമയന്തി കൈകൾ കൂപ്പി മുഖമുയർത്തി വാനിലേക്കു നോക്കി ദീനയായി നിന്നു.

അപ്പോൾ അശരീരിയുണ്ടായി: നളമഹാരാജാവേ, ഇവൾ യാതൊരു പാപവും ചെയ്തിട്ടില്ല. അവൾക്കു പാതിവ്രത്യഭംഗം മനസ്സുകൊണ്ടും വചസ്സുകൊണ്ടും കർമം കൊണ്ടും സംഭവിച്ചിട്ടില്ല. അതിനു ഞങ്ങൾ ദേവകൾ സാക്ഷി. ഇവളെ സ്വീകരിച്ചുകൊള്ളുക.

അശരീരിയോടൊപ്പം ആകാശത്തിൽ നിന്നു പുഷ്പവർഷവുമുണ്ടായി. ദേവദുന്ദുഭികളുടെ ശബ്ദം മുഴങ്ങി. കല്പകപ്പൂക്കളുടെ സൗരഭ്യം കാറ്റിൽ പടർന്നു.

ഇതെല്ലാം കണ്ട് ആശ്ചര്യഭരിതനായി നളൻ, കാർക്കോടകൻ സമ്മാനിച്ച വസ്ത്രങ്ങൾ എടുത്തു ധരിച്ചു. അത്ഭുതം, അതാ നളൻ തന്റെ സ്വന്തരൂപത്തിൽ! ദമയന്തി നളനെ മുറുകെ പ്പുണർന്നു. നളൻ ദമയന്തിയെയും പ്രണയവിവശനായി ആശ്ലേഷിച്ചു.

വിവരമറിഞ്ഞു ഭീമരാജാവും രാജ്ഞിയും സന്തുഷ്ടരായി. കൊട്ടാരവാസികളൊക്കെ ആഹ്ലാദഭരിതരായി. അച്ഛനെ തിരികെ ലഭിച്ച ഇന്ദ്രസേനനും ഇന്ദ്രസേനയും ഓടിയെത്തി അച്ഛന്റെ മടിയിൽ കയറി ഇരിപ്പായി.

പീഡനങ്ങളുടെയും ദുരിതങ്ങളുടെയും മൂന്നു സംവത്സരങ്ങൾ അവർക്കു വെറും ഓർമയായി മാറി. എല്ലാം മറന്നു രാജകുടുംബം ആഹ്ലാദവും ചാരിതാർത്ഥ്യവും അനുഭവിച്ചു; ദേവകൾക്കു നന്ദിയും സ്തുതിയും അർപ്പിച്ചു.

രാവിലെ നളനും ദമയന്തിയും ഭീമമഹാരാജാവിനെയും രാജമാതാവിനെയും ചെന്നു കണ്ടു വന്ദിച്ച് അനുഗ്രഹം വാങ്ങി. അദ്ദേഹം അവർക്കു സമൃദ്ധമായ വിരുന്നൊരുക്കി.

ബാഹുകൻ എന്ന വ്യാജപേരിൽ കഴിഞ്ഞുകൂടിയിരുന്ന നളൻ തിരിച്ചെത്തിയെന്ന വാർത്ത നാട്ടിലെല്ലാം പടർന്നു. ജനങ്ങൾ നളന്റെ മടങ്ങി വരവ് ഒരുത്സവമാക്കി മാറ്റി. കൊടി തോരണങ്ങൾ തൂക്കി അവർ കുണ്ഡിന നഗരമാകെ



അശരീരിയോടൊപ്പം ആകാശത്തിൽ നിന്നു പുഷ്പവർഷവുമുണ്ടായി. ദേവദുന്ദുഭികളുടെ ശബ്ദം മുഴങ്ങി. കല്പകപ്പൂക്കളുടെ സൗരഭ്യം കാറ്റിൽ പടർന്നു. ഇതെല്ലാം കണ്ട് ആശ്ചര്യഭരിതനായി നളൻ, കാർക്കോടകൻ സമ്മാനിച്ച വസ്ത്രങ്ങൾ എടുത്തു ധരിച്ചു. അത്ഭുതം, അതാ നളൻ തന്റെ സ്വന്തരൂപത്തിൽ!

അലങ്കരിച്ചു. വാദ്യമേളങ്ങൾ മുഴങ്ങി. ഘോഷയാത്രകളും ജയ് വിളികളും ഉണ്ടായി, ജനങ്ങൾ നളദമയന്തിമാർക്കു പുഷ്പാഭിഷേകം നടത്തി.

കാര്യങ്ങളെല്ലാം അറിഞ്ഞപ്പോൾ ഋതുപർണനും സന്തുഷ്ടനായി. താൻ കബളിപ്പിക്കപ്പെട്ടു എന്നൊരു ചിന്തപോലും അദ്ദേഹത്തിനുണ്ടായില്ല. നളദമയന്തിമാരുടെ പുന:സമാഗമത്തിനു താനൊരു നിമിത്തമായതോർത്തു കോസലാധിപനു ചാരിതാർത്ഥ്യമുണ്ടായി

ഋതുപർണൻ, നളനെ ചെന്നുകണ്ടു പറഞ്ഞു: നളരാജാവേ, ഒരു തെറ്റും ഞാൻ അങ്ങയോടു ചെയ്തിട്ടില്ല. എന്റെ കൊട്ടാരത്തിൽ അങ്ങ് അജ്ഞാതവാസം നയിച്ച മൂന്നു വർഷവും അങ്ങയെ ഓർത്ത് എനിക്കു സന്തോഷമേ തോന്നിയിട്ടുള്ളു. അറിഞ്ഞോ അറിയാതെയോ അങ്ങേക്ക് എന്തെങ്കിലും അനിഷ്ടം എന്നിൽ നിന്നുണ്ടായിട്ടുണ്ടെങ്കിൽ സഹോദരാ, അങ്ങെന്നോടു ക്ഷമിക്കണം.

ഇല്ല മഹാരാജാവേ, നളൻ പറഞ്ഞു: അങ്ങ് എന്നോട് ഒരു തെറ്റും ചെയ്തിട്ടില്ല. അഥവാ ചെയ്താൽ തന്നെ ഞാൻ ക്ഷമിക്കേണ്ടവനല്ലേ? പണ്ടു തന്നെ അങ്ങെനിക്ക് ഇഷ്ടക്കാരനാണ്, ബന്ധുവാണ്. അങ്ങയുടെ ഒപ്പം താമസിച്ച നാളുകൾ ഏറെ സന്തോഷം നിറഞ്ഞവയായിരുന്നു. അങ്ങയോടുള്ള ഒരു കടം എനിക്കിനി വീട്ടാനുണ്ട്-അശ്വഹൃദയവിദ്യ. സമ്മതമാണെങ്കിൽ, ഞാനത് ഇപ്പോൾ തന്നെ അങ്ങേക്ക് ഉപദേശിച്ചുതരാം.

ഇങ്ങനെ പറഞ്ഞുകൊണ്ടു നളൻ അശ്വഹൃദയ വിദ്യ ഋതുപർണന് ഉപദേശിച്ചുകൊടുത്തു. ഋതുപർണൻ, ശിഷ്യൻ ഗുരുവിൽ നിന്നെന്നതുപോലെ അതേറ്റു വാങ്ങി. മറ്റൊരു സൂതനെ കൂട്ടി അദ്ദേഹം അയോധ്യയിലേക്കു മടങ്ങിപ്പോവുകയും ചെയ്തു.

ഒരു മാസം കഴിഞ്ഞപ്പോൾ നളൻ ഭീമരാജാവിനോടു പറഞ്ഞു: പിതാശ്രീ, ഞാനിനി നിഷധപുരിയിലേക്കു ചെല്ലട്ടെ. രാജ്യം തിരിച്ചെടുക്കണം. ചെറിയൊരു സൈന്യത്തോടൊപ്പം പോയാൽ മതിയാകും.

ഭീമന്റെ അനുമതിയോടു കൂടി നളൻ നിഷധത്തിലേക്കു തിരിച്ചു. ഒരു വെള്ളിത്തേരിൽ, പതിനാറ് ആനകളും അൻപതു കുതിരകളും അറുനൂറു കാലാളുമായി അദ്ദേഹം നിഷധ രാജധാനിയിലെത്തി അനുജനെ വിളിച്ചു പറഞ്ഞു: പുഷ്കരാ, നിന്നെ ഞാൻ വീണ്ടും ചൂതിനു വിളിക്കുന്നു. ഞാൻ കുറേ സമ്പത്തുണ്ടാക്കിയിട്ടുണ്ട്. അതും എന്റെ ഭാര്യ ദമയന്തിയും പണയം. നീ നിന്റെ രാജ്യവും സമ്പത്തും ജീവനും കൂടി പണയം വയ്ക്കുക. ഒറ്റക്കളിക്കു തന്നെ നമുക്കു കാര്യം അവസാനിപ്പിക്കാം. ചൂതിനു വിളിച്ചാൽ വഴങ്ങുകയെന്നതു ക്ഷത്രിയ ധർമമാണ്. അതിൽ നിന്നൊളിച്ചോടുന്നവർ ഭീരുക്കൾ മാത്രം. നിനക്കു ചൂതിനു താത്പര്യമില്ലെങ്കിൽ യുദ്ധച്ചൂതിനും ഞാൻ തയ്യാർ. പൂർണ യുദ്ധമാകാം. അല്ലെങ്കിൽ നമ്മൾ രണ്ടു പേരും തമ്മിലുള്ള ദ്വന്ദ്വയുദ്ധവുമാകാം.

**ഋതുപർണൻ പറഞ്ഞു:**

**യദി വാബുദ്ധിപൂർവാണി**
**യദി ബുദ്ധ്യാപി കാനിചിത്**
**മയാ കൃതാന്യകാര്യാണി**
**താനി ത്വം ക്ഷന്തുമർഹസി**

(ഞാൻ അറിയാതെയോ അറിഞ്ഞുകൊണ്ടോ എന്തെങ്കിലും അനിഷ്ടം ചെയ്തിട്ടുണ്ടെങ്കിൽ, അവയെല്ലാം അങ്ങു ക്ഷമിക്കണം.)

എന്തുവേണമെന്നു നിനക്കു തീരുമാനിക്കാം. ഒന്നുകിൽ ചൂതു കളിക്കാം. അല്ലെങ്കിൽ വില്ലു കുലയ്ക്കാം.

ഇതു കേട്ടപ്പോൾ പുഷ്കരൻ ഉറക്കെ ച്ചിരിച്ചു. ജയം തനിക്ക് അനായാസം എന്നയാൾക്കു തീർച്ചയായിരുന്നു. അതുകൊണ്ടു ജ്യേഷ്ഠനോട് ഇങ്ങനെ മറുപടി പറഞ്ഞു: കൊള്ളാം നൈഷധാ, നീ കുറെക്കൂടി സമ്പത്തുണ്ടാക്കി വീണ്ടും കളിക്കാനെത്തിയല്ലോ. ദമയന്തിയെക്കൂടി പണയം വച്ചതു നന്നായി. ഇത്തവണ അവളെന്റെ പാട്ടിലാവും. അപ്സരസ്സുകൾ ഇന്ദ്രനെയെന്നപോലെ അവൾ എനിക്കു വഴങ്ങി നില്ക്കും. അവളോട് എന്റെ മനസ്സിൽ പണ്ടേയൊരു മോഹമുണ്ടായിരുന്നു. അതിന്നു സാധിതമാകുമല്ലോ.

ഇത്രയും പറഞ്ഞ് അയാളൊരു വഷളച്ചിരി ചിരിച്ചു. സംസ്കാരശൂന്യമായ അവന്റെ വാക്കുകൾ കേട്ടും ഭാവഹാവങ്ങൾ കണ്ടും നളൻ വല്ലാതെ ക്രുദ്ധനായി. 'ഇവനിത്ര വഷളനാണല്ലൊ' അദ്ദേഹം മനസ്സിൽ പറഞ്ഞു. വാളൂരി അപ്പോൾ തന്നെ അവന്റെ ശിരസ്സു ഛേദിച്ചാലോ എന്നും ആലോചിക്കാതിരുന്നില്ല. പിന്നെ ക്ഷമിച്ചു.

രണ്ടുപേരും ചൂതിനിരുന്നു. ഒറ്റക്കളിയിൽ തന്നെ പുഷ്കരന്റെ പണയം മുഴുവൻ നളനു സ്വന്തമായി. രാജ്യവും രാജ്യഭണ്ഡാരവും മാത്രമല്ല പുഷ്കരന്റെ പ്രാണനും കൂടി പണയ വസ്തുവായിരുന്നു. എല്ലാം നേടിയെടുത്തുകൊണ്ടു നളൻ പറഞ്ഞു: പുഷ്കരാ, നീചരാജാവേ, നിനക്കിനി എന്റെ ഭൈമിയെ ഒന്നു നോക്കാൻ കൂടി പറ്റില്ലല്ലൊ. നിന്റെ ജീവൻ പോലും ഇപ്പോൾ എന്റെ അധീനത്തിലാണ്. എന്റെ ഈ വാൾ ഒന്നു വീശിയാൽ നിന്റെ തല താഴെ വീഴും. പക്ഷേ, ഞാനതു ചെയ്യുന്നില്ല. നീയെന്റെ സഹോദരനാണ്. നിന്റെയും എന്റെയും സിരകളിൽ ഓടുന്നത് ഒരേ രക്തം. നീയും ഞാനും പിറവിയെടുത്തത് ഒരേ വയറ്റിൽ. ഇല്ല, ഞാൻ നിന്നെ വധിക്കുന്നില്ല. നീ ചെയ്തതു പോലെ നാട്ടിൽ നിന്ന് ആട്ടിയോടിക്കുന്നുമില്ല. ഇതാ, നിന്റെ ജീവനും എന്റെ രാജ്യത്തിന്റെ ഒരു ഭാഗവും നിനക്കു ഞാൻ വിട്ടുതരുന്നു. അവിടെപ്പോയി ജീവിച്ചുകൊള്ളുക.

അപ്പോൾ പുഷ്കരൻ പശ്ചാത്താപവിവശനായി നളനെ നമിച്ചുകൊണ്ടു മൊഴിഞ്ഞു: ജ്യേഷ്ഠാ, ക്ഷമിക്കണം. അങ്ങെത്രയോ മഹാനാണ്. അങ്ങയോട് ഏറെ തിന്മകൾ ചെയ്ത എന്നോടു ക്ഷമിച്ചുവല്ലൊ. പ്രഭോ, അങ്ങെന്റെ ജീവൻ എനിക്കു തിരികെ തന്നു. എനിക്കിരിപ്പിടവും നല്കി. അങ്ങയുടെ കീർത്തി എന്നും നിലനില്ക്കട്ടെ. പതിനായിരം വർഷം അങ്ങു നാടു വാഴട്ടെ. പുഷ്കരൻ നളനെ വീണ്ടും വീണ്ടും വന്ദിച്ചുകൊണ്ട് അയാൾക്കനുവദിച്ചു കൊടുത്ത ദേശത്തേക്കു പോയി.

പിറ്റേന്നു തന്നെ നളൻ ദമയന്തിയെയും കുട്ടികളെയും കൂട്ടിക്കൊണ്ടു വരാൻ മന്ത്രിമാരെ നിയോഗിച്ചു. ഭീമരാജാവു മകളെയും കുട്ടികളെയും രാജോചിതമായ നിലയിൽ ചതുരംഗപ്പടയോടും ആളകമ്പടിയോടും കൂടി മന്ത്രിമാരോടൊപ്പം നിഷധത്തിലേക്കു യാത്രയാക്കി.

എല്ലാ ആപത്തുകളെയും മറികടന്നു നളൻ തനിക്കു സ്വന്തമായിരുന്നതൊക്കെയും വീണ്ടെടുത്തു. ധർമനിഷ്ഠയോടെ ജനക്ഷേമഭരണത്തിൽ പിന്നെയും ശ്രദ്ധാലുവായി.

*(അവസാനിച്ചു)*



# പക പുകയും ആളിപ്പടരും



ഒരു രാജ്യത്തു ദേവശക്തൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകന്റെ വയറ്റിൽ ഒരു പുറ്റുണ്ടാക്കി അതിൽ ഒരു പാമ്പു വസിക്കാൻ തുടങ്ങി. അതിനാൽ രാജകുമാരന് എന്നും എന്തെങ്കിലും അസുഖങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു.

അനേകം വൈദ്യന്മാർ രാജകുമാരനെ ചികിത്സിച്ചു. പക്ഷേ, രോഗം ഭേദമായില്ല. രാജകുമാരന്റെ വയറ്റിലുള്ള പാമ്പിന്റെ കാര്യം ആരുമറിഞ്ഞതുമില്ല.

നിരാശനായ രാജകുമാരൻ നാടുവിട്ടുപോയി. ഓരോരോ നാടുകളിൽ അലയാൻ തുടങ്ങി. ഒടുവിൽ ഒരു മഹാക്ഷേത്രത്തിൽ അഭയം തേടി.

ആ മഹാക്ഷേത്രവും പ്രദേശങ്ങളുമെല്ലാം ഭരിച്ചിരുന്നതു ബലി എന്നൊരു രാജാവായിരുന്നു. അദ്ദേഹത്തിനു രണ്ടു പെൺമക്കളാണുണ്ടായിരുന്നത്. എന്നും രാവിലെ മക്കൾ അച്ഛനെ മുഖം കാണിക്കും, വണങ്ങിപ്പോരും.

ഒരു ദിവസം അവരിൽ മൂത്തവൾ അച്ഛനെ നമസ്ക്കരിച്ചിട്ടു പറഞ്ഞു:

മഹാരാജാവു നീണാൾ വാഴട്ടെ. അങ്ങയുടെ അനുഗ്രഹത്താൽ എല്ലാ സുഖങ്ങളും ലഭിക്കുന്നു.

ഇതുകേട്ട് ഇളയ മകൾ പറഞ്ഞു:

മഹാരാജാവു ജയിക്കട്ടെ. സുഖദുഃഖങ്ങൾ കർമഫലങ്ങളാണ്.

ഇളയമകളുടെ വാക്കുകൾ രാജാവിന് ഇഷ്ടപ്പെട്ടില്ല. അവൾ തന്നെ തള്ളിപ്പറയുന്നതായി രാജാവു കരുതി. മഹാരാജാവു തന്റെ മന്ത്രിയെ വിളിച്ചു കല്പിച്ചു:

ഇവൾ ധിക്കാരി. ഇവളെ ഏതെങ്കിലും വിദേശിക്കു കൊടുത്തേക്കു. അവൾ കർമഫലമനുസരിച്ചു ജീവിക്കട്ടെ.

രാജകല്പനയനുസരിച്ചു മന്ത്രി അവളെ ക്ഷേത്രത്തിൽ ഭിക്ഷയെടുത്തു കഴിഞ്ഞിരുന്ന രാജകുമാരനു കൊടുത്തു. രാജകുമാരി തനിച്ചായിരുന്നില്ല കൊട്ടാരത്തിൽ നിന്നും പോയത്. അവളെ കൂടുതലായി സ്നേഹിച്ചിരുന്ന തോഴിമാരും കൊട്ടാരം വിട്ടിറങ്ങി.

കുമാരി സന്തോഷത്തോടെ രാജകുമാരനെ ഭർത്താവായി സ്വീകരിച്ചു. അവർ രാജ്യം വിട്ടു മറ്റൊരു നാട്ടിലേക്കുപോയി. അവിടെ ഭർത്താവിനെ ഒരു കുളക്കരയിൽ ഇരുത്തിയിട്ടു ഭക്ഷണസാധനങ്ങൾ വാങ്ങാൻ പോയി.

രാജകുമാരൻ ഇരുന്നതിനടുത്ത് ഒരു മൺപുറ്റുണ്ടായിരുന്നു കുമാരൻ മൺപുറ്റിൽ ചാരിയിരുന്നു വിശ്രമിക്കുന്നതിനിടെ ഉറങ്ങിപ്പോയി. ഈ തരത്തിന് അദ്ദേഹത്തിന്റെ വയറ്റിൽ നിന്നും സർപ്പം പുറത്തുവന്നു പൊടി തിന്നാൻ തുടങ്ങി.

ഈ സമയത്തുതന്നെ മൺപുറ്റിനകത്തിരുന്ന സർപ്പവും പുറത്തിറങ്ങി. സർപ്പങ്ങൾ തമ്മിൽ കണ്ടതും പോരുതുടങ്ങി. മൺപുറ്റിൽ നിന്നും പുറത്തുവന്നവൻ ചോദിച്ചു:

എടാ ദുഷ്ടാ, നീ ഈ പാവം രാജകുമാരനെ ദ്രോഹിക്കുന്നതെന്തിന്? അദ്ദേഹത്തിന്റെ വയറ്റിൽ നിന്നും പുറത്തുകടന്നു വല്ല മൺപുറ്റിലും ജീവിച്ചു കൂടേ?

രാജകുമാരന്റെ വയറ്റിൽ താമസക്കാരനായ സർപ്പത്തിന് ഈ ചോദ്യം രസിച്ചില്ല. അവൻ മറ്റൊരു ചോദ്യം തൊടുത്തു.

അല്ലാ, കുറെക്കാലമായല്ലോ നീ ഈ മൺപുറ്റിലെ നിധികുംഭങ്ങൾക്കു കാവലിരിക്കുന്നു? നീ ഇവിടന്നു മാറിയാൽ ഈ നിധി ജനങ്ങൾക്ക് ഉപകരിച്ചേനേ.

മൺപുറ്റിലിരുന്ന സർപ്പം കോപിച്ചു വിറച്ചു. അവൻ പറഞ്ഞു:

അധികം ഞെളിയണ്ട. നിന്നെ നശിപ്പിക്കാനുള്ള പണി പാവം രാജകുമാരനറിയില്ല. പുളിച്ച പഴങ്കഞ്ഞിയിൽ അല്പം കടുകിട്ടു വേവിച്ചു കുടിച്ചാൽ അപ്പക്കഴിയും നിന്റെ കഥ.

കുറെ വെള്ളം തിളപ്പിച്ചു പുറ്റിലൊഴിച്ചാൽ നിന്റെ കഥയും കഴിഞ്ഞതുതന്നെ. വയറ്റിൽ കുടിയിരുന്ന സർപ്പം പറഞ്ഞു.

ഈ തർക്കത്തിനിടയിൽ രാജകുമാരി തിരികെയെത്തിയ കാര്യം ആരുമറിഞ്ഞിരുന്നില്ല. അവൾ സർപ്പങ്ങളുടെ സംസാരം മുഴുവൻ കേട്ടു.

അവൾ വേഗം കുറെ വെള്ളം തിളപ്പിച്ചു മൺപുറ്റിലൊഴിച്ചു. മൺപുറ്റിൽ കുടിയിരുന്ന സർപ്പത്തെ കൊന്നു. പുറ്റിൽ ഉണ്ടായിരുന്ന നിധികുംഭങ്ങളും കൈക്കലാക്കി.

പിറ്റേന്നു രാവിലെതന്നെ പഴങ്കഞ്ഞിയിൽ കടുകിട്ടുവേവിച്ചു രാജകുമാരനു കൊടുത്തു. അതോടെ രാജകുമാന്റെ രോഗമെല്ലാം മാറി.

അധികം താമസിയാതെ രാജകുമാരൻ ആരോഗ്യവാനും സുമുഖനുമായി. അവർ എല്ലാവരും കൂടി രാജകുമാരന്റെ കൊട്ടാരത്തിലേക്കു മടങ്ങി സുഖമായി ജീവിച്ചു.

സർപ്പങ്ങളുടെ അനുഭവത്തിൽ നിന്നുള്ള പാഠം: പരസ്പരമുള്ള പക സർവനാശത്തിനു കാരണമാകും.

# അളമുട്ടിയാൽ ചിദംബരവും!



ശനിയുടെ അപഹാരം തമിഴ്നാടിന്റെ രാഷ്ട്രീയമണ്ഡലത്തിൽ കിടന്നു കറങ്ങാൻ തുടങ്ങിയിട്ടു കുറെ നാളായി. ഡി.എം.കെയെന്നോ എ.ഐ.എ.ഡി.എം.കെയെന്നോ കോൺഗ്രസെന്നോ ഭേദമില്ലാതെ ശനിയുടെ വിളയാട്ടം തുടരുകയാണ്. ഡി.എം.കെയെയും കോൺഗ്രസിനെയും വട്ടം കറക്കുന്നതു സ്പെക്ട്രം ആണെങ്കിൽ പുരട്ചിതലൈവി ജയലളിതയുടെ, വരവിൽ കവിഞ്ഞ സ്വത്തു സംബന്ധിച്ച കേസാണ് എ.ഐ.എ.ഡി.എം.കെയെ ചുറ്റിക്കുന്നത്. സമയം തെറ്റിയ സമയത്തുള്ള മീൻവില്പനപോലെ ചോദിച്ചവർക്കെല്ലാം മുഖം നോക്കാതെ സ്പെക്ട്രം അങ്ങ് എടുത്തുകൊടുത്തു. എഴുതിക്കാണിക്കാനാണെങ്കിൽ ഒരു കിലോമീറ്റർ ദൈർഘ്യം വരുന്ന ഒരു എമണ്ടൻ സംഖ്യയുടെ നഷ്ടം രാജ്യത്തിനുണ്ടായെന്നും പറഞ്ഞു സിഎജി ഇടങ്കോലിട്ടു. പ്രശ്നം കൂഴച്ചക്ക കുഴയുമ്പോലെയായി. കൂഴച്ചക്കയല്ലേ ഏഴയലത്തുകൂടിപ്പോകുന്നവനെപ്പോലും മണക്കും. അതുകൊണ്ടുതന്നെ ആരൊക്കെയാണ് ഈ കൊഴച്ചിലിൽ പങ്കാളികളായതെന്ന് അറിയാൻ വലിയ പ്രയാസമൊന്നുമുണ്ടായില്ല. ഡി.എം.കെയുടെ കരുത്തനായ യുവനേതാവു രാജയാണ് ആദ്യം തിഹാർ ജയിൽ കണ്ടത്. ഇംഗ്ലീഷിൽ നാലു വാക്കു സംസാരിക്കാൻ അറിയാം എന്നതു തന്നെയായിരുന്നു രാജയുടെ ഏറ്റവും വലിയ പ്ലസ് പോയിന്റ്. അഴഗിരിയും മറ്റും ശബ്ദിക്കാൻ പോലുമാകാതെ നിന്നു വിയർത്തപ്പോൾ രാജ കേറിയങ്ങു കസറി. അങ്ങനെ അഴിമതിരാജയായി. ഒടുവിൽ അഴിക്കുള്ളിലും. ഒരു രാജ്യത്തിനു വേണ്ടി ഒരു ഗ്രാമത്തെയും ഒരു ഗ്രാമത്തിനുവേണ്ടി ഒരു കുടുംബത്തെയും ഒരു കുടുംബത്തിനുവേണ്ടി ഒരംഗത്തെയും ബലികൊടുക്കുന്നതിൽ തെറ്റില്ലെന്നാണല്ലോ തത്വം. എന്നാൽ, ഇതിനു നമ്മുടെ കോടതികളിൽ സാധുതയില്ലല്ലോ. അതിനാൽ ഡി.എം.കെ കുടുംബത്തിനു രക്ഷയില്ലെന്നായി. മകൾ കനിമൊഴിയും ജയിലഴിക്കുള്ളിലാകുന്നതു കാണേണ്ടി വന്നു കലൈഞ്ജർക്ക്. ആ സ്പെക്ട്രം സുനാമി തിരമാലകൾ ഇനിയും അടങ്ങുകയില്ലെന്നാണു സമീപകാലസംഭവവികാസങ്ങൾ നല്കുന്ന സൂചന. ഇപ്പോൾ അത് ആർത്തലച്ചുവരുന്നതാകട്ടെ ആഭ്യന്തരമന്ത്രി പി. ചിദംബരത്തിന്റെ നേർക്കും. ചിദംബരത്തിന്റെ കാര്യം ഏകദേശം തീരുമാനമാക്കുന്ന നിലയിലുള്ള തെളിവുകൾ സഹിതം ജനതാ പാർട്ടി അധ്യക്ഷൻ സുബ്രഹ്മണ്യൻ സ്വാമി പ്രത്യേക സിബിഐ കോടതിയിൽ മൊഴി നല്കിക്കഴിഞ്ഞു. പാണ്ഡിത്യവും കൗശലവും സമാസമം ചേർന്ന സ്വാമിയല്ലേ ഇറങ്ങിത്തിരിച്ചിരിക്കുന്നത്; ഏതു ചിദംബരവുമൊന്നു വിറയ്ക്കും. ആ വിറയലിനു വേദിയായതാകട്ടെ ചെന്നൈയിൽ തമിഴ്നാട് കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച പൊതുയോഗവേദിയും. ചഞ്ചലപ്പെട്ട മനസ്സിൽ നിന്നും വരുന്ന വാക്കുകൾ പാഴ്വാക്കുകളായിരിക്കും എന്നതിൽ സംശയമില്ലല്ലോ. ഇവിടെയും സംഭവിച്ചതു മറിച്ചല്ല. മുല്ലപ്പെരിയാർ ഡാം സംബന്ധിച്ചു കേരളമുയർത്തുന്ന ആശങ്ക ഉപതെരഞ്ഞെടുപ്പു മുന്നിൽ കണ്ടുകൊണ്ടുള്ള വെറും രാഷ്ട്രീയ നാടകമാണത്രെ. ആൾക്കൂട്ടത്തിനു നടുവിൽവച്ചു കയ്യോടെ പിടിക്കപ്പെട്ട പോക്കറ്റടിക്കാരന്റെ അവസ്ഥ എന്തായിരിക്കും; അതാണു ചിദംബരത്തിനും സംഭവിച്ചത്. ജോസഫ് വാഴയ്ക്കൻ മുതൽ കേന്ദ്രമന്ത്രി വയലാർ രവി വരെയുള്ളവർ എടുത്തങ്ങലക്കി. തമിഴ്നാട്ടിൽ ജനിച്ചതുകൊണ്ടോ തമിഴിൽ സംസാരിക്കുന്നതുകൊണ്ടോ തമിഴനായി അംഗീകരിക്കപ്പെടില്ലെന്നും അതിനായി മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തെ രണ്ടു ചീത്ത പറയേണ്ടതുണ്ടെന്നുമുള്ള സ്ഥിതിവിശേഷമാണിപ്പോൾ ഉണ്ടായിരിക്കുന്നത്. ആ ഒരു പരിതസ്ഥിതിയും സ്പെക്ട്രം കേസും ഒക്കെ സൃഷ്ടിച്ച പത്മവ്യൂഹത്തിൽ പെട്ടുപോയ പി. ചിദംബരം എന്ന ഇന്ത്യാ മഹാരാജ്യത്തിന്റെ ആഭ്യന്തരമന്ത്രി ഏതാനും നിമിഷത്തേക്കാണെങ്കിലും പഴനിവേൽ ചിദംബരം എന്ന പക്കാ തമിഴ്നാട്ടുകാരനായിപ്പോയതിൽ അദ്ഭുതപ്പെടാനില്ല. ആ അവസ്ഥകൂടി വിമർശകർ പരിഗണിക്കേണ്ടിയിരിക്കുന്നു. അളമുട്ടിയാൽ ചിദംബരവും....?

**മൊഴിയും മറുമൊഴിയും**

*മുല്ലപ്പെരിയാർ* : കേരളത്തിനെതിരായ പി. ചിദംബരത്തിന്റെ പ്രസ്താവന അപക്വവും അദ്ദേഹത്തിന്റെ പദവിക്കു ചേരാത്തതുമാണ്. പ്രസ്താവന പിൻവലിച്ചതു കൊണ്ടുമാത്രം അതു കേരളത്തിനുമേൽ സൃഷ്ടിച്ച ആഘാതം ഇല്ലാതാകുന്നില്ല - വയലാർ രവി.

* മതി, തൃപ്തിയായി വയലാർജി.
ഇപ്പോഴെങ്കിലും.......
ഇത്രയെങ്കിലും........

കുഞ്ഞൻരാജ്യങ്ങൾ

# ലോകത്തെ പ്രായം കുറഞ്ഞ

ഫിലിപ്പീൻസിന് 800 കിലോമീറ്റർ കിഴക്കായി പസിഫിക് സമുദ്രത്തിൽ കിടക്കുന്ന 26 ദ്വീപുകളും മുന്നൂറിലധികം തുരുത്തുകളും ഉൾപ്പെട്ട ഭൂവിഭാഗമാണു പലാവു. ബെലാവു(Belau) എന്ന തദ്ദേശീയ നാമത്തിലും പലാവു അറിയപ്പെടുന്നു. അമേരിക്കൻ നിയന്ത്രണത്തിലായിരുന്ന പലാവു 1994 ഒക്ടോബർ ഒന്നിനാണു സ്വതന്ത്രമായത്. ലോകത്തെ ഏറ്റവും പ്രായം കുറഞ്ഞ സ്വതന്ത്രരാഷ്ട്രം. എന്നാൽ, 2044 വരെ പലാവു, അമേരിക്കയുടെ നിയന്ത്രണത്തിലായിരിക്കും. മെലെകിയോക് ആണു തലസ്ഥാനം. കൊറോർ ആണ് ഏറ്റവും വലിയ നഗരം. 459 ച.കി.മീ. വിസ്തൃതിയുള്ള പലാവുവിലെ ജനസംഖ്യ 21000 ആണ്. നമ്മുടെ കേരളത്തിലെ ഒരു പഞ്ചായത്തിലെ ജനസംഖ്യയ്ക്കു തുല്യം.



*പലാവുവിലെ ഒരു തുരുത്ത്*

ഏഷ്യ, ഓസ്ട്രേലിയ, പോളിനേഷ്യ എന്നിവിടങ്ങളിൽ നിന്ന് എത്തിയവരാണ് ആദിമ പലാവുകാർ. ഒഷ്യാനിയയിലെ ഏറ്റവും പഴക്കമുള്ള ശവസംസ്കാരസ്ഥലങ്ങൾ കണ്ടെത്തിയിട്ടുള്ളതു പലാവുവിൽ നിന്നാണ്. ബി.സി.1000ൽ തന്നെ ഇവിടെ ജനവാസമുണ്ടായിരുന്നുവെന്ന് ഇതു തെളിയിക്കുന്നു.

## ചരിത്രം

1783ൽ കപ്പൽച്ചേതം സംഭവിച്ച് ഇംഗ്ലീഷ് കപ്പിത്താനായ ഹെന്റി വിൽസൺ കരയ്ക്കടുത്തതോടെയാണു പലാവുവുമായി പാശ്ചാത്യർക്കു ബന്ധമുണ്ടായത്. പെല്യു ദ്വീപ് (Pelew Island)എന്നാണു വിൽസൺ ഈ ദ്വീപുകളെ വിളിച്ചത്. എന്നാൽ, സ്പെയിൻകാരാണു പലാവു സ്വന്തമാക്കിയത്. ഫിലിപ്പീൻസ് കേന്ദ്രമാക്കി അവർ പലാവു ഭരിച്ചു.

1543ൽ സ്പാനിഷ് നാവികനായ റൂയ് ലോപത് ഡി വിൽയലോബൂസ് ഈ ദ്വീപുകൾ കണ്ടെത്തിയതിന്റെ പേരിലാണു സ്പെയിനിന്, അവയ്ക്കു മേൽ അവകാശമുണ്ടായത്. 1899ൽ പലാവുവിനെ സ്പെയിൻ ജർമനിക്കു വിറ്റു. ഒന്നാം ലോകമഹായുദ്ധകാലത്ത് 1914ൽ ജപ്പാൻ പലാവുവിൽ അധികാരമുറപ്പിച്ചു. യുദ്ധത്തിൽ ജർമനി തോറ്റതോടെ വേഴ്സായ് സന്ധിപ്രകാരം ജപ്പാന് ദ്വീപിന്റെ അവകാശം കിട്ടി. 1944ൽ രണ്ടാം ലോകമഹായുദ്ധകാലത്ത് അമേരിക്കയും ജപ്പാനും തമ്മിലുള്ള യുദ്ധത്തിനു പലാവു വേദിയായി. യുദ്ധാനന്തരം ട്രസ്റ്റ് ടെറിറ്ററി ഓഫ് പസിഫിക് ഐലൻഡ്സിന്റെ ഭാഗമായി പലാവുവിനെ അമേരിക്കൻ ഭരണത്തിന് ഐക്യരാഷ്ട്രസഭ വിട്ടുകൊടുത്തു.



*ബാബോൽദോബും കൊറോറും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം*

# കൊച്ചു സ്വതന്ത്ര രാഷ്ട്രം – പലാവു

1979ൽ മൈക്രൊനീഷ്യൻ ഫെഡറേറ്റഡ് സ്റ്റേറ്റ്സ് രൂപവത്ക്കരിച്ചപ്പോൾ ഭാഷാപരമായും സാംസ്കാരികവുമായ വ്യത്യസ്തകളാൽ പലാവു അതിൽ ചേർന്നില്ല. നീണ്ടകാലത്തെ കൈമാറ്റ നടപടികൾക്കു ശേഷം 1994ൽ പലാവു സ്വതന്ത്രമായി.



*പലാവുവിലെ ഒരു സൂപ്പർമാർക്കറ്റ്*

## ഭരണകാര്യം

പ്രസിഡൻഷ്യൽ ജനാധിപത്യമാണു പലാവുവിലെ ഭരണക്രമം. പലാവു നാഷണൽ കോൺഗ്രസാണു പാർലമെണ്ട്. സർക്കാരിന്റെയും രാഷ്ട്രത്തിന്റെയും തലവൻ പ്രസിഡണ്ടും. 1994 ഡിസംബർ 15നു പലാവുവിനു യു.എൻ.അംഗത്വം ലഭിച്ചു. 16 സംസ്ഥാനങ്ങളായി രാജ്യത്തെ വിഭജിച്ചിട്ടുണ്ട്. ജോൺസൺ റ്റോറിബിയോംഗ് ആണു നിലവിലെ പ്രസിഡണ്ട്. ഇംഗ്ലീഷ്, പലാവുയൻ എന്നിവയാണ് ഔദ്യോഗിക ഭാഷകൾ.



*ജോൺസൺ റ്റോറിബിയോംഗ്*

## ജനവും ഭൂപ്രകൃതിയും

ജനസംഖ്യയുടെ 75 ശതമാനവും ക്രിസ്ത്യാനികളാണ്.

അൻഗോർ (Angaur), ബാബേൽദോബ് (Babeldoab), കൊറോർ (Koror), പെലെലിയു (Peleliu)എന്നിവയാണ് ഏറ്റവും പ്രധാനപ്പെട്ട പലാവുദ്വീപുകൾ. ഇതിൽ ഏറ്റവും കൂടുതൽ വിസ്തൃതി ബാബേൽദോബ് ദ്വീപിനാണ്. എന്നാൽ, ഭൂരിപക്ഷം ജനങ്ങളും താമസിക്കുന്നതു കൊറോറിലാണ്. ബാബേൽദോബും കൊറോറും തമ്മിൽ പാലംകൊണ്ടു ബന്ധിപ്പിച്ചിട്ടുണ്ട്. പ്രധാനദ്വീപുകളിൽ നിന്ന് 600 കിലോമീറ്റർ അകലെയുള്ള ആറു ദ്വീപുകളുടെ കൂട്ടമായ സൗത്ത് വെസ്റ്റ് ഐലൻഡ്സും പലാവുവിന്റെ ഭാഗമാണ്. വർഷം മുഴുവൻ മഴ കിട്ടുന്ന പലാവുവിലെ ശരാശരി താപനില 27 $^{0}$c ആണ്.



*പലാവുവിലെ ഒരു ഷെൽ ഫിഷ് തടാകം*

സമൃദ്ധമായ സസ്യപ്രകൃതിയുള്ള പലാവുവിൽ കണ്ടൽ കാടുകളും പുൽപരപ്പുകളും മഴക്കാടുകളുമുണ്ട്. ഉഷ്ണമേഖലാ മത്സ്യങ്ങളുടെ 500 ഇനങ്ങളും സ്രാവിനങ്ങളും 700 ഷെൽ ഫിഷ് ഇനങ്ങളും ഇവിടെയുണ്ട്. വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന കടൽപശു എന്നറിയപ്പെടുന്ന ഡുഗോങ് എന്ന വലിയ ഷെൽഫിഷ് പലാവുവിൽ കൂടുതലായുണ്ട്.

അമേരിക്ക നല്കുന്ന ധനസഹായമാണു പലാവുവിന്റെ സമ്പദ്ഘടനയുടെ ശക്തി. നാണയം യു.എസ്.ഡോളർ തന്നെ. രാജ്യത്തെ പ്രധാന പത്രമായ 'തിയ ബെലാവു' (Tia Belau) രണ്ടാഴ്ചയിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നു. ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു വരുമാനസ്രോതസാണു ടൂറിസം. ❄

### കെ.സി.ബി.സി തീരുമാനം

# പ്രകൃതിസംരക്ഷണം ആത്മീയ ശുശ്രൂഷ

പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്ന നിലയിലുള്ള മനുഷ്യന്റെ കടന്നുകയറ്റങ്ങളും കുമ്പസാരങ്ങളിൽ ഏറ്റുപറയേണ്ട പാപങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തുവാനുള്ള കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ (കെ.സി.ബി.സി) തീരുമാനത്തെ ഭൂമിയിൽ ജീവന്റെ നിലനില്പിനായുള്ള രക്ഷാകരദൗത്യത്തിന്റെ ഭാഗമായി വിലയിരുത്താം. അതുകൊണ്ടുതന്നെ ഈ നടപടി തികച്ചും ശ്ലാഘനീയമാണ്. എന്തിനെയും കച്ചവടക്കണ്ണോടുകൂടി മാത്രം നോക്കികാണുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന, പണത്തിനു വേണ്ടിയുള്ള ത്വരയും അതിന്റെ ഉപോത്പന്നമായി രൂപം കൊണ്ടിരിക്കുന്ന ഉപഭോഗസംസ്കാരവും സ്വയം വെണ്ണീറാകുവാനുള്ള തീക്കുണ്ടത്തിലേക്കാണു മനുഷ്യൻ ഉൾപ്പെടെയുള്ള ജീവിസമൂഹത്തെ കൊണ്ടെത്തിക്കാൻ പോകുന്നതെന്ന തിരിച്ചറിവില്ലാത്തവരാണു മഹാഭൂരിപക്ഷവും. ഇരിക്കുന്ന കൊമ്പു മുറിക്കുന്നവന്റെ അജ്ഞതയോടേ ഇതിനെ താരതമ്യപ്പെടുത്താൻ കഴിയൂ. ഈ പശ്ചാത്തലത്തിൽ കെ.സി.ബി.സിയുടെ 'പരിസ്ഥിതി സംരക്ഷണ ഉദ്യമം' ഒരിടയന്റെ സ്വാഭാവികവും അനിവാര്യവുമായ ഇടപെടലാകുന്നു. വഴിതെറ്റിപ്പോകുന്ന ആട്ടിൻപറ്റത്തെ നേർവഴിക്കു നയിക്കുകയും സംരക്ഷിക്കുകയും ചെയ്യുകയാണല്ലോ ഇടയന്മാരുടെ ദൗത്യം. ഇന്നു നമ്മുടെ സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളാണു പരിസ്ഥിതി നാശവും മാലിന്യക്കൂമ്പാരങ്ങളും. ശരീരത്തിൽ സുഗന്ധലേപനങ്ങൾ പൂശി അകത്തും പുറത്തുമുള്ള ദുർഗന്ധത്തെ മറയ്ക്കുവാൻ ശ്രമിക്കുന്ന മനുഷ്യൻ സാമൂഹ്യജീവിയെന്ന നിലയിൽ നിന്നും സ്വന്തം



ആവശ്യങ്ങളുടെ പൂർത്തീകരണത്തിൽ മാത്രം സംതൃപ്തി കണ്ടെത്തുന്ന മൃഗത്തിന്റെ അവസ്ഥയിലേക്കു പരകായപ്രവേശം നടത്തുകയാണ്. രാവിലെ കുടുംബസമേതം വീട്ടിൽ നിന്നിറങ്ങുമ്പോൾ അതുവരെക്കും അവിടെ ഉണ്ടായ അവശിഷ്ടങ്ങൾ കൂടി ഭദ്രമായി കൂട്ടിലാക്കിയെടുക്കുന്നു. ആളൊഴിഞ്ഞ റോഡുവക്കത്തോ ജലാശയങ്ങളുടെ സമീപമോ എത്തുമ്പോൾ വണ്ടിനിർത്തി ആ അവശിഷ്ടക്കൂട് അവിടേക്കു വലിച്ചെറിയുന്നു. എന്നിട്ടു ഞാനൊന്നുമറിഞ്ഞില്ലെന്ന മട്ടിൽ സ്ഥലം കാലിയാക്കുന്നു. ഇതു കേരളത്തിൽ ഗ്രാമ-നഗരവ്യത്യാസമില്ലാതെ ഒരു ദിനചര്യയായി മാറിയിട്ടു കാലം കുറെയായി. പ്ലാസ്റ്റിക് കവറുകളിലായി മാലിന്യം പൊതുസ്ഥലത്തു തള്ളുന്നതു നിരോധിച്ചും, അതു ലംഘിക്കുന്നവർക്കെതിരെ കേസെടുക്കാൻ പോലീസിനു നിർദേശം നല്കിക്കൊണ്ടുമുള്ള ഹൈക്കോടതി വിധിക്കുശേഷം ഈ ദുഃസ്ഥിതിക്ക് അല്പം ശമനം ഉണ്ടായി എന്നതു യാഥാർത്ഥ്യമാണ്. അതേസമയം മുതിർന്നവർ ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്. മാലിന്യങ്ങൾ പൊതുസ്ഥലത്തും ജലാശയങ്ങളിലും വലിച്ചെറിയുമ്പോൾ അതു കാണുന്ന പിഞ്ചുകുട്ടികൾ ആ പ്രവൃത്തിയിൽ നിന്നും എന്തു പാഠമാണുൾക്കൊള്ളുക? കുട്ടികൾ സത്സ്വഭാവികളും സമൂഹത്തിന്റെ ബഹുമാനവും സ്നേഹവും പിടിച്ചു പറ്റുന്നവരുമായി വളരണമെന്നാകുമല്ലോ എല്ലാ മാതാപിതാക്കളും ആഗ്രഹിക്കുക. അതിനാൽ അവരുടെ മുന്നിൽ ഓരോ കാര്യത്തിനും ആദ്യം മാതൃകയായി തീരേണ്ടതു മാതാപിതാക്കൾ തന്നെയാണ് അവശിഷ്ടങ്ങൾ നിറച്ച കൂടുമായി രാവിലെ വീട്ടിൽ നിന്നിറങ്ങുന്ന എല്ലാവരും ഇക്കാര്യമൊന്നു ചിന്തിക്കണം. മാലിന്യസംസ്കരണം, പരിസ്ഥിതി സംരക്ഷണം എന്നിവ വൈദിക പരിശീലനപദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള കെ.സി.ബി.സി തീരുമാനവും വിഹ്വലമായ സമകാലിക യാഥാർത്ഥ്യങ്ങളുടെ നേർക്കുള്ള കണ്ണുതുറക്കലാണ്. പ്രകൃതിയെയും മനുഷ്യനെയും വേറിട്ടു കാണേണ്ടതില്ല. കാരണം, മനുഷ്യന്റെയും സർവജീവജാലങ്ങളുടെയും നിലനില്പിനാധാരം പ്രകൃതി തരുന്ന ജീവവായുവും വെള്ളവുമാണ്. ഇതേപോലെ തന്നെയാണു ഭൗതികജീവിതവും ആധ്യാത്മികതയും.

"ലില്ലിച്ചെടികൾ എങ്ങനെ വളരുന്നുവെന്നു നോക്കുവിൻ. അവ അധ്വാനിക്കുന്നില്ല നൂൽ നൂല്ക്കുന്നില്ല. എങ്കിലും ഞാൻ നിങ്ങളോടു പറയുന്നു. ഇന്നു വയലിലുള്ളതും നാളെ തീയിൽ എറിയപ്പെടുന്നതുമായ പുല്ലിനെ ദൈവം ഇപ്രകാരം അണിയിക്കുന്നെങ്കിൽ അല്പവിശ്വാസികളേ, നിങ്ങളെ എത്ര അധികമായി അണിയിക്കുകയില്ല?"

പ്രകൃതിയും മനുഷ്യനും പരസ്പരപൂരകങ്ങളാണ് എന്ന മഹത്തായ സന്ദേശമാണ് ഈ ബൈബിൾ വാക്യം ഉൾക്കൊള്ളുന്നത്. അതുകൊണ്ടു പ്രകൃതി സംരക്ഷണവും ആത്മീയ ശുശ്രൂഷ തന്നെ.

# മുല്ലപ്പെരിയാർ ദേശീയകക്ഷികൾ ശക്തമായി ഇടപെടണം

## മന്ത്രി കെ.എം.മാണി



മുല്ലപ്പെരിയാർ വിഷയത്തിൽ സിപിഎം ഉൾപ്പെടയുള്ള ദേശീയ കക്ഷികൾ ശക്തമായ ഇടപെടലുകൾ നടത്താൻ തയ്യാറാകണമെന്നു കേരളാ കോൺഗ്രസ് (എം)ഃ ചെയർമാനും ധനകാര്യവകുപ്പ് മന്ത്രിയുമായ കെ.എം.മാണി ആവശ്യപ്പെട്ടു. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിന്റെ നിലപാട് തികച്ചും ന്യായവും സത്യസന്ധവുമാണ്. ഡാമിലെ ജലനിരപ്പ് 136 അടിയിൽ നിന്നും 120 അടിയാക്കി കുറച്ചു കേരളത്തിന്റെ സുരക്ഷ ഉറപ്പാക്കുവാൻ തമിഴ്നാട് തയ്യാറാകണം.

ഇതിനു തമിഴ്നാടിനെസന്നദ്ധമാക്കുവാൻ കേന്ദ്രസർക്കാരും ദേശീയ കക്ഷികളുടെ നേതൃത്വവും തയ്യാറാകണം. മുല്ലപ്പെരിയാർ വിഷയത്തിൽ എല്ലാ രാഷ്ട്രീയ കക്ഷികളും ഒരുമിച്ച് അണിനിരക്കണമെന്നും മന്ത്രി കെ.എം.മാണി പറഞ്ഞു.കേരളാ യൂത്ത് ഫ്രണ്ട് (എം) കോട്ടയം ജില്ലാ പ്രസിഡണ്ട് സജി മഞ്ഞക്കടമ്പിൽ നയിച്ച മുല്ലപ്പെരിയാർ പ്രക്ഷോഭ പദയാത്രയുടെ സമാപന സമ്മേളനം തിരുനക്കര മൈതാനത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

# മുല്ലപ്പെരിയാറിൽ തമിഴ്നാട് നിലപാട് ഇരട്ടത്താപ്പ്

## സി.എഫ്.തോമസ് എംഎൽഎ



മുല്ലപ്പെരിയാർ വിഷയത്തിൽ തമിഴ്നാട് സർക്കാരിന്റെ നിലപാട് ഇരട്ടത്താപ്പാണെന്നു കേരളാ കോൺഗ്രസ് ഡപ്യൂട്ടി ചെയർമാൻ സി.എഫ്.തോമസ് എംഎൽഎ കുറ്റപ്പെടുത്തി. മുല്ലപ്പെരിയാറിൽ നിന്നും പാട്ടക്കരാർ പ്രകാരം എല്ലാ ആനുകൂല്യങ്ങളും പറ്റുന്ന തമിഴ്നാട് സർക്കാർ കേരളത്തിലെ ലക്ഷക്കണക്കിനു ജനങ്ങളുടെ ജീവനു ഭീഷണിയായ മുല്ലപ്പെരിയാർ ഡാം പുതുക്കിപ്പണിയണമെന്ന കേരളത്തിന്റെ ആവശ്യം നിരാകരിക്കുന്ന നിലപാടു പ്രതിഷേധാർഹമാണ്.

മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുക, കേരള ജനതയെ രക്ഷിക്കുക എന്ന മുദ്രാവാക്യവുമായി യൂത്ത് ഫ്രണ്ട് (എം) കോട്ടയം ജില്ലാ പ്രസിഡണ്ട് സജി മഞ്ഞക്കടമ്പിൽ നയിച്ച മുല്ലപ്പെരിയാർ പ്രക്ഷോഭ പദയാത്രയ്ക്കു ചങ്ങനാശ്ശേരിൽ നല്കിയ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. യൂത്ത് ഫ്രണ്ട് (എം) നിയോജകമണ്ഡലം പ്രസിഡണ്ട് ടിറ്റി ജോസ് അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ മുഖ്യപ്രഭാഷണം നടത്തി. മാത്തുക്കുട്ടി പ്ലാത്താനം. വി.ജെ.ലാലി, സി.ഡി.വത്സപ്പൻ, ബോബൻ ടി.തെക്കേൽ, ലാലിച്ചൻ കുന്നിപ്പറമ്പിൽ, ജോൺസൺ അലക്സാണ്ടർ, തോമസ് വർഗീസ്, സജി ചെല്ലന്തറ, ബിജോയ് പ്ലാത്താനം, സോജി മുക്കാട്ടുക്കുന്നേൽ, ബിജു മുളകുപ്പാടം, ഷാജി പുളിമൂടൻ, സാജൻ അലക്സ്, ജസ്റ്റിൻ കണ്ണംകോട്ട്, സി.എസ്.സുധീഷ്, വിനോദ് മണമേൽ, ജോസി കല്ലുകുളം, ജോജി ചേക്കോംതറ, ജോജി തോട്ടാശ്ശേരി, ആന്റപ്പൻ മറ്റത്തിൽ, സന്തോഷ് മുണ്ടയ്ക്കൽ, തോമസ് വിൻസെന്റ്, ബിനു മൂലയിൽ, ബിനു തെക്കേക്കര, ദിലീപ് കുമാർ ജസ്റ്റിൻ പാലത്തിങ്കൽ എന്നിവർ പ്രസംഗിച്ചു.

# വാർത്തകൾ

## ചിദംബരത്തിന്റെ പ്രസ്താവന ഭരണഘടനയ്ക്കെതിരായ വെല്ലുവിളി

### യൂത്ത് ഫ്രണ്ട് (എം)



മുല്ലപ്പെരിയാർ വിഷയത്തിൽ തമിഴ്നാടിന് അനുകൂലമായി പ്രസ്താവനയിറക്കിയ കേന്ദ്ര മന്ത്രി പി.ചിദംബരത്തിനെ മന്ത്രിസഭയിൽ നിന്നു പുറത്താക്കണമെന്നും അദ്ദേഹം നടത്തിയതു ഭരണഘടനാ ലംഘനമാണെന്നും കേരളാ യൂത്ത് ഫ്രണ്ട് (എം) കുറ്റപ്പെടുത്തി. ഇരു സംസ്ഥാനങ്ങളെ തമ്മിൽ അടിപ്പിക്കുന്ന രീതിയിൽ സത്യപ്രതിജ്ഞാലംഘനം നടത്തിയ ചിദംബരത്തിന്റെ പ്രസ്താവന കോൺഗ്രസിന്റെ നിലപാടാണോയെന്നു നേതൃത്വം വ്യക്തമാക്കണമെന്നും യൂത്ത് ഫ്രണ്ട് (എം) ആവശ്യപ്പെട്ടു. കേരളാ യൂത്ത് ഫ്രണ്ട് (എം) കോട്ടയം ജില്ലാ പ്രസിഡണ്ട് സജി മഞ്ഞക്കടമ്പിലിന്റെ നേതൃത്വത്തിൽ യൂത്ത് ഫ്രണ്ട് പ്രവർത്തകർ കോട്ടയത്തു പന്തം കൊളുത്തി പ്രകടനവും പ്രതിഷേധയോഗവും നടത്തി. സംസ്ഥാന പ്രസിഡണ്ട് അഡ്വ. ജോബ് മൈക്കിൾ, മീഡിയാ സെൽ കൺവീനർ വിജി എം. തോമസ്, സാജൻ തൊടുക, അഡ്വ.ജയിസൺ ജോസഫ്, എബി പൊന്നാട്ട്, ഷാജി പുളിമൂടൻ, സജി.കെ.വർഗീസ്, ജില്ലാസെക്രട്ടറി പ്രസാദ് ഉരുളിക്കുന്നം, ജോൺ ജോസഫ്, സ്കറിയാച്ചൻ മണ്ണൂർ,ജോബിഷ് തേനാടികുളം, സിബി കട്ടകത്ത്, സജു ആനക്കല്ലുമുകളേൽ, ടിറ്റി ജോസ്, അനീഷ് കൊക്കരയിൽ, കുഞ്ഞുമോൻ മാടപ്പാട്ട്, ഷോണി നടൂപറമ്പിൽ എന്നിവർ പ്രസംഗിച്ചു. ❄

---

## മുല്ലപ്പെരിയാറിൽ സംരക്ഷണ ഡാം അടിയന്തിരമായി നിർമിക്കണം

### കർഷക യൂണിയൻ (എം)




കേന്ദ്രഗവൺമെണ്ട് അടിയന്തിരമായി ഇടപെട്ട് മുല്ലപ്പെരിയാറിൽ അടിയന്തിരമായി സംരക്ഷണ ഡാം നിർമിക്കുന്നതിനു വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കണമെന്നു കേരളാ കർഷക യൂണിയൻ (എം) ആവശ്യപ്പെട്ടു. കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ബേബി ഉഴുത്തുവാൽ യോഗം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭാരവാഹികളായ കെ.പി. ജോസഫ്, സഖറിയാസ് വലവൂർ,അലോഷ്യൻ ഏബ്രഹാം, ടോമി ഇടയോടിയിൽ, അപ്പച്ചൻ പ്ലാശനാൽ, അവിരാച്ചൻ കോക്കാട്ട്, ഭാസ്കരൻ നായർ കിഴക്കേമുറി എന്നിവർ പ്രസംഗിച്ചു. ❄

---

## ബെന്നി വടക്കേടം അകലക്കുന്നം പഞ്ചായത്ത് വൈസ് പ്രസിഡണ്ട്



അകലക്കുന്നം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ടായി ബെന്നി വടക്കേടം തെരഞ്ഞെടുക്കപ്പെട്ടു. പാർട്ടി ജില്ലാ വൈസ് പ്രസിഡണ്ട്, അകലക്കുന്നം സർവീസ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗം, പാലാ രൂപതാ പാസ്റ്ററൽ കൗൺസിൽ മെമ്പർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. യൂത്ത് ഫ്രണ്ട് (എം) പുതുപ്പള്ളി നിയോജകമണ്ഡലം പ്രസിഡണ്ടായി പ്രവർത്തിച്ചിട്ടുണ്ട്. ❄

# വാർത്തകൾ

## തമിഴ്നാട്ടിലെ മലയാളികൾക്കു സംരക്ഷണം നല്കണം

**പ്രൊഫ.ലോപ്പസ് മാത്യു**




മുല്ലപ്പെരിയാർ വിഷയത്തിന്റെ പേരു പറഞ്ഞു തമിഴ്നാട്ടിൽ ജീവിക്കുന്ന ലക്ഷക്കണക്കിനു വരുന്ന മലയാളികൾക്കു നേരെ തമിഴർ നടത്തുന്ന അതിക്രമങ്ങൾ പ്രതിഷേധാർഹമാണെന്നും തമിഴ്നാട്ടിൽ ജീവിക്കുന്ന മലയാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുവാൻ കേന്ദ്രസർക്കാർ അടിയന്തിരമായി ഇടപെടണമെന്നും കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽസെക്രട്ടറി പ്രൊഫ.ലോപ്പസ് മാത്യു ആവശ്യപ്പെട്ടു. യൂത്ത് ഫ്രണ്ട് (എം) കോട്ടയം പ്രവർത്തകയോഗം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഷോൺ ജോർജ്, ബിജോയി പ്ലാത്താനം, ബിജു മുളകുപാടം, ബാബു മുക്കാല, എബി പൊന്നാട്ട, ബോബൻ മഞ്ഞളാമല, പ്രവീൺ ഉള്ളാട്ട്, പ്രസാദ് ഉരുളിക്കുന്നം, ജോബിഷ് തേനോടിക്കുളം, രാജൻ കുളങ്ങര, ജോയി സി.കാപ്പൻ, അഭിലാഷ് തെക്കേൽ, വിനോദ് മണലേൽ, ജോജി തോട്ടാശ്ശേരി, ജോജി കുറത്തിയാടൻ, ജെറ്റോ ജോസഫ്, അജിത് മുതിരമല, ടിറ്റി ജോസ്, ജിജോ വരിക്കമുണ്ട, തോമസ് കോട്ടൂർ, വർഗീസ് സി.ഡി. എന്നിവർ പ്രസംഗിച്ചു. ❄

---

## കർഷക യൂണിയൻ (എം) ചപ്പാത്ത് സമരപ്പന്തലിൽ ഉപവാസം അനുഷ്ഠിച്ചു




കേരളാ കർഷക യൂണിയൻ (എം) കോട്ടയം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചപ്പാത്തിലെ മുല്ലപ്പെരിയാർ സമരപ്പന്തലിൽ ഉപവാസമനുഷ്ഠിച്ചു. കേരളാ കോൺഗ്രസ് സംസ്ഥാന സെക്രട്ടറി ബേബി ഉഴുത്തുവാൽ, സമരനേതാക്കളെ അഭിസംബോധന ചെയ്തുകൊണ്ടു പ്രസംഗിച്ചു. ജില്ലാ പ്രസിഡണ്ട് ജോയി നടയിൽ, കർഷക യൂണിയൻ സംസ്ഥാന സെക്രട്ടറി മാരായ കെ.പി.ജോസഫ്, സക്കറിയാസ് വലവൂർ, അലോഷ്യസ് ഏബ്രഹാം, നേതാക്കളായ അപ്പച്ചൻ പ്ലാശനാൽ, ടോമി ഇടയോടി, തോമസ് നീലിയറ, ജോസ് ഡി.കല്ലൂർ, അവിരാച്ചൻ കോക്കാട്ട്, ഭാസ്കരൻ നായർ കിഴക്കേമുറിയിൽ, ജോസഫ് എട്ടിയിൽ, സണ്ണി കല്ലൂരാത്ത് എന്നിവർ പ്രകടനത്തിനു നേതൃത്വം നല്കി. ❄

---

## മെഡിക്കൽ കോളജ് എച്ച് ഡിഎസ് ജീവനക്കാരുടെ വേതനം ഉയർത്തണം

**എച്ച് ഡിഎസ് സ്റ്റാഫ് അസോസിയേഷൻ**

തൃശ്ശൂർ മെഡിക്കൽ കോളജ് ആശുപത്രി വികസന സമിതി ജീവനക്കാർക്കു ന്യായമായ വേതന വ്യവസ്ഥകൾ നടപ്പാക്കണമെന്ന് എച്ച് ഡിഎസ് സ്റ്റാഫ് അസോസിയേഷൻ രൂപീകരണ യോഗം ആവശ്യപ്പെട്ടു. മെഡിക്കൽ കോളജിലെ മുഴുവൻ എച്ച്ഡിഎസ് ജീവനക്കാരും ഉൾപ്പെട്ട സ്വതന്ത്രസംഘടനയായാണ് സ്റ്റാഫ് അസോസിയേ,ൻ. ജീവനക്കാർക്ക് ഡ്യൂട്ടി സമയം നിജപ്പെടുത്തണമെന്നും, ഫോട്ടോ പതിച്ച തിരിച്ചറിയിൽ കാർഡ് അനുവദിക്കണമെന്നും അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പിടുവാൻ അനുവദിക്കണമെന്നും യോഗം ബന്ധപ്പെട്ടവരോട് അഭ്യർത്ഥിച്ചു.

രൂപീകരണയോഗത്തിൽ ആശുപത്രി വികസന സമിതിയംഗം ജോസഫ് ചാലിശ്ശേരി അധ്യക്ഷത വഹിച്ചു. ആശുപത്രി വികസന സമിതിയംഗങ്ങളായ സി.വി.കുര്യാക്കോസ്, പി.കെ.ഷാഹുൽഹമിദ്, പി.എസ്.ഉണ്ണികൃഷ്ണൻ, സ്റ്റാഫ് പ്രതിനിധികളായ കെ.ആർ.ഷീല, വിനോദ് എ, സജിത്ത്കുമാർ ഐ ഡി, മണി എം, സി.റ്റി. ഫ്രാൻസീസ് എന്നിവർ പ്രസംഗിച്ചു. ❄

# വാർത്തകൾ

## അയ്യൻകാളി നവോത്ഥാന നായകരിൽ പ്രമുഖൻ

### മന്ത്രി കെ.എം.മാണി



കേരളത്തിലെ നവോത്ഥാന നായകന്മാരിൽ പ്രമുഖനായിരുന്നു അയ്യൻകാളിയെന്നു മന്ത്രി കെ.എം.മാണി അനുസ്മരിച്ചു. പ്രജാസഭ അധഃകൃത വർഗക്കാരുടെ വിദ്യാഭ്യാസ അവകാശങ്ങൾക്കുവേണ്ടി നടത്തിയ പോരാട്ടം ശ്രദ്ധേയമായിരുന്നു എന്നും അദ്ദേഹം പറഞ്ഞു. കേരളാ ദളിത് ഫ്രണ്ട് (എം) കോട്ടയം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ അയ്യൻകാളി പ്രജാസഭ ശതാബ്ദി ആഘോഷവും ജില്ലാ പ്രതിനിധി സമ്മേളനവും ഉദ്ഘാടനം ചെയ്തുകൊണ്ടു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. രാമചന്ദ്രൻ അള്ളുംപുറത്തിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജോസ് കെ.മാണി എം.പി മുഖ്യപ്രഭാഷണം നടത്തി. ഹൈക്കോടതി സ്പെഷ്യൽ പ്ലീഡർ അഡ്വ.കെ.ശാന്തമ്മ, പ്രജാസഭ പ്രവേശന അനുബന്ധ പ്രഭാഷണം നടത്തി. ഇ.ജെ. ആഗസ്തി, ബേബി ഉഴുത്തുവാൽ, സജി മഞ്ഞക്കടമ്പിൽ, സിബി അഗസ്റ്റ്യൻ, സുരേഷ് മൈലാട്ടുപാറ, തമ്പി പട്ടാശ്ശേരി, കെ.പി. പീറ്റർ,കെ.എ. ചന്ദ്രൻ, ശശികല, ശരത് പി.കെ. എന്നിവർ പ്രസംഗിച്ചു. ❄

## എച്ച്.ഡി.എസ് സ്റ്റാഫ് അസോസിയേഷൻ സി.വി.കുര്യാക്കോസ് പ്രസിഡണ്ട്



സി.വി.കുര്യാക്കോസ്



ഷാഹുൽ ഹമീദ്



പി.എസ്.ഉണ്ണികൃഷ്ണൻ

തൃശ്ശൂർ മെഡിക്കൽ കോളജിലെ മുഴുവൻ ആശുപത്രി വികസന സമിതി ജീവനക്കാരുടെയും സംഘടനയായ എച്ച്.ഡി.എസ് സ്റ്റാഫ് അസോസിയേഷൻ പ്രസിഡണ്ടായി മുൻ ജില്ലാ പഞ്ചായത്ത് അംഗവും കേരളാ കോൺഗ്രസ് (എം) തൃശ്ശൂർ ജില്ലാ ജനറൽ സെക്രട്ടറിയുമായ സി.വി.കുര്യാക്കോസിനെയും ജനറൽ സെക്രട്ടറിയായി പി.കെ.ഷാഹുൽ ഹമീദിനെയും തിരഞ്ഞെടുത്തു.

മറ്റു ഭാരവാഹികൾ: കാർഷിക ഭൂപണയ ബാങ്ക് പ്രസിഡണ്ട് ജോസഫ് ചാലിശ്ശേരി (രക്ഷാധികാരി), പി.എസ്.ഉണ്ണികൃഷ്ണൻ, ജില്ലാ പഞ്ചായത്ത് അംഗം പി.എസ്.മോഹൻദാസ് (വർക്കിംങ് പ്രസിഡണ്ടുമാർ), എ.വിനോദ്, ആർ.ഗീത, സി.ടി. ഫ്രാൻസീസ് (വൈസ് പ്രസിഡണ്ടുമാർ), ഷീല കെ.ആർ, സജിത്ത് കുമാർ ഐ ഡി, (ജോയിന്റ് സെക്രട്ടറിമാർ) എം. മാണി (ട്രഷറർ), സുഭാഷണി സി.ആർ, സജീഷ് പി.ബി, രജനി ടി.വി, ജോർജ് ഇ.കെ, ചിത്ര വി.ബി, മാലിനി കെ.ആർ, ലക്ഷ്മീദേവി കെ. (എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ.) ❄

## സുകുമാർ അഴീക്കോട് കേരളത്തിന്റെ സാംസ്കാരിക ജ്യോതിസ്

### അഡ്വ. തോമസ് ഉണ്ണിയാടൻ എം. എൽ. എ



കേരളത്തിന്റെ സാംസ്കാരിക ജ്യോതിസാണു സുകുമാർ അഴീക്കോടെന്നു നിയമസഭ പെറ്റീഷൻസ് കമ്മറ്റി ചെയർമാൻ അഡ്വ. തോമസ് ഉണ്ണിയാടൻ എം.എൽ.എ പറഞ്ഞു. അമല ആശുപത്രിയിൽ സുകുമാർ അഴിക്കോടിനെ അദ്ദേഹം സന്ദർശിച്ചു. ഉണ്ണിയാടനു ക്രിസ്തുമസ് ആശംസകൾ നേർന്നുകൊണ്ട് അഴീക്കോടു മധുരം നല്കി. രോഗശയ്യയിലും തന്നെ കാണാൻ എത്തുന്നവരെ സ്വീകരിക്കാനും സത്ക്കരിക്കാനും അഴീക്കോടു മാസ്റ്റർ കാട്ടുന്ന സന്മനസ്സു മഹത്തരമാണെന്ന് ഉണ്ണിയാടൻ പറഞ്ഞു. അഴീക്കോട് മാഷ് വേഗം സുഖമാകട്ടെയെന്ന് ഉണ്ണിയാടൻ ആശംസിച്ചു. കേരളാ കോൺഗ്രസ് (എം) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗവും ജില്ലാ ജനറൽ സെക്രട്ടറിയുമായ സി.വി.കുരിയാക്കോസ്, ജില്ലാ സെക്രട്ടറി തോമസ് ആന്റണി, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ജോണി ചിറ്റിലപ്പിള്ളി, കേരളാ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന സർഗവേദി കൺവീനർ വർഗീസ് തരകൻ, അമല ആശുപത്രി ഡയറക്ടർ ഫാ.വാൾട്ടർ തേലപ്പിള്ളി എന്നിവരും ഉണ്ണിയാടനോടൊപ്പം ഉണ്ടായിരുന്നു. ❄

ചെറുകഥ

# എലിതിന്ന ഇരുമ്പും പരുന്തു റാഞ്ചിയ കുട്ടിയും



"പണ്ട് ഒരു നഗരത്തിൽ ഒരു കച്ചവടക്കാരനുണ്ടായിരുന്നു. അയാൾ തന്റെ സുഹൃത്തിനെ വിശ്വസിച്ച് ആയിരം തുലാം ഇരുമ്പ് സൂക്ഷിക്കുവാൻ കൊടുത്തു. അയാൾ വീണ്ടും കച്ചവടത്തിനു വേണ്ടി തെക്കൻ ദിക്കിലേക്കു പോയി. പത്തു മാസം അയാൾ അവിടെ താമസിച്ചു. മടങ്ങിവന്ന് താൻ പണ്ട് സൂക്ഷിക്കുവാൻ കൊടുത്ത ഇരുമ്പ് സ്നേഹിതനോട് മടക്കി ചോദിച്ചു. സ്നേഹിതൻ കൈമലർത്തി:

"ചങ്ങാതീ, എന്റെ വീട്ടിൽ എലിയുടെ ശല്യം വളരെയുണ്ട്, എന്തു ചെയ്യാം? ഇരുമ്പെല്ലാം എലി തിന്നുതീർത്തു." ഇരുമ്പ് എലി തിന്നുകയോ? ഇവൻ മഹാദുഷ്ടൻ തന്നെ! വിശ്വാസവഞ്ചന ചെയ്തിരിക്കുന്നു. അയാൾ മറുത്തൊന്നും പറഞ്ഞില്ല. വെറുതെ പറഞ്ഞിട്ടെന്തു കാര്യം. കച്ചവടക്കാരൻ മടങ്ങിപ്പോന്നു.

അടുത്തൊരു ദിവസം സുഹൃത്തിന്റെ പുത്രൻ കുളിക്കുവാൻ പോവുകയാണ്. കച്ചവടക്കാരൻ ഉടനെ ചെന്ന് അവനെ പിടിച്ചുകൊണ്ടുവന്ന് ഒരു മുറിയിലിട്ടു പൂട്ടി. അവന്റെ അച്ഛൻ മകനെ കാണാഞ്ഞ് പല ദിക്കിലും തിരഞ്ഞു. കച്ചവടക്കാരനോടും ചോദിച്ചു. അയാൾ പറഞ്ഞു: " ചങ്ങാതീ, നിന്റെ മകനെ ഒരു പരുന്തു വന്നെടുത്ത് പറന്നുപോയി." "പതിനെട്ട് വയസ്സായ അവനെ പരുന്തെടുത്തു പറക്കുകയോ? കള്ളം!"

അവൻ തന്റെ മകനെ കച്ചവടക്കാരൻ പിടിച്ചു കൊന്നുവെന്ന് രാജാവിനോട് ആവലാതിപ്പെട്ടു. കച്ചവടക്കാരനെ വരുത്തി രാജാവ് ചോദ്യംചെയ്തു. പരുന്ത് സ്നേഹിതന്റെ മകനെ കൊത്തി പറന്നുപോയെന്ന് അയാൾ സധൈര്യം പറഞ്ഞു. ആളുകൾ ഇതുകേട്ട് ചിരിച്ചു. ഇങ്ങനെ സംഭവിക്കുകയില്ലെന്നായി അവർ.

പക്ഷേ, കച്ചവടക്കാരൻ വിട്ടില്ല. ആയിരം തുലാം ഇരുമ്പ് എലി തിന്നുപോയ നാട്ടിൽ പരുന്ത് കുട്ടിയെ കൊത്തി പറന്നുപോയെന്നത് സംഭവ്യമാണെന്ന് അയാൾ ഉറപ്പിച്ചു പറഞ്ഞു.

രാജാവിനും മന്ത്രിമാർക്കും കാര്യം പിടികിട്ടി. ആയിരം തുലാം ഇരുമ്പ് കട്ടെടുത്തത് ഉടൻ കൊണ്ടുവരുവാൻ രാജാവ് കല്പിച്ചു.

ശിക്ഷയായി രാജാവ് കല്പിച്ച ധനവും അയാൾ പിഴയൊടുക്കേണ്ടി വന്നു. ആ സമയം കച്ചവടക്കാരൻ സുഹൃത്തിന്റെ മകനെ കൊണ്ടുവന്ന് കൊടുക്കുകയും ചെയ്തു.

❊❊❊

**സ്മരണ**

എൽ.കിഴക്കേടം

# മഹാകവി കട്ടക്കയം അന്ത്യരംഗങ്ങളിലേക്ക് ഒരു തിരിഞ്ഞുനോട്ടം

*(മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള യശശ്ശരീരനായിട്ട് നവംബർ 29ന് 75 വർഷം തികഞ്ഞു)*




സമസ്യാപൂരണം എന്ന മറവിലൂടെ രചിക്കപ്പെട്ട ഒരു പരിഹാസപദ്യത്തിലൂടെ കട്ടക്കയം ഒരിക്കൽ ആക്രമിക്കപ്പെടുകയുണ്ടായി. ഹൃദയത്തിൽ ആഴത്തിൽകൊണ്ടുകയറിയ അസ്ത്രത്തിന്റേതെന്നതുപോലെ വേദന അദ്ദേഹം സ്വയം സഹിക്കേണ്ടിവന്നു. കുമാരനാശാന്റെ പ്രശസ്തമായ ഒരു കൃതി അനുകരണമാണെന്ന ആക്ഷേപമുണ്ടായപ്പോൾ പണ്ഡിതന്മാർ ആക്ഷേപം നിരാസ്പദമെന്നു സമർത്ഥിക്കുവാൻ ഒത്തുചേർന്ന ചരിത്രമുണ്ട്. അവരുടെ പ്രത്യാഖ്യാനങ്ങൾ പുസ്തകരൂപത്തിൽ പുറത്തുവരികയും ചെയ്തു.


മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ അന്ത്യനാളുകളെപ്പറ്റിയുള്ള ചില വസ്തുതകൾ അനുസ്മരിക്കാനാണ് ഇവിടെ ഉദ്യമിക്കുന്നത്. ജീവിതകാലത്തു മഹാകവി കട്ടക്കയം ഒരു പക്ഷേ, സ്വസമൂഹത്തേക്കാളുപരി പൊതുസമൂഹത്തിലെ ബുദ്ധിജീവികളാൽ സ്നേഹിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തിരുന്നു. ക്ലാസ്സിക് പാരമ്പര്യത്തിന്റെ ഒരു കണ്ണിയായിരുന്നു അദ്ദേഹം എന്നതിനാൽ ആ പാരമ്പര്യത്തിലെ കവികളും പ്രസിദ്ധീകരണ പ്രവർത്തകരും തങ്ങളിൽ ഒരാളായിത്തന്നെ അദ്ദേഹത്തെ പരിഗണിച്ചു. എല്ലാ പൊതു നിയമത്തിനും അപവാദം ഉണ്ടാകാമെന്നതിനാൽ, ഇവിടെയും അതുണ്ടാകാനുള്ള സാധ്യതയും തള്ളിക്കളയുന്നില്ല. സമസ്യാപൂരണം എന്ന മറവിലൂടെ രചിക്കപ്പെട്ട ഒരു പരിഹാസപദ്യത്തിലൂടെ കട്ടക്കയം ഒരിക്കൽ ആക്രമിക്കപ്പെടുകയുണ്ടായി.

ഹൃദയത്തിൽ ആഴത്തിൽകൊണ്ടുകയറിയ അസ്ത്രത്തിന്റേതെന്നതുപോലെ വേദന അദ്ദേഹം സ്വയം സഹിക്കേണ്ടിവന്നു. കുമാരനാശാന്റെ പ്രശസ്തമായ ഒരു കൃതി അനുകരണമാണെന്ന ആക്ഷേപമുണ്ടായപ്പോൾ പണ്ഡിതന്മാർ ആക്ഷേപം നിരാസ്പദമെന്നു സമർത്ഥിക്കുവാൻ ഒത്തുചേർന്ന ചരിത്രമുണ്ട്. അവരുടെ പ്രത്യാഖ്യാനങ്ങൾ പുസ്തകരൂപത്തിൽ പുറത്തുവരികയും ചെയ്തു. രണ്ടിടത്തും കവിത്വത്തിന്റെ നേർക്കുള്ള ആക്രമണമായിരുന്നു. കട്ടക്കയം പ്രതികരണശേഷികുറവുള്ള സമൂഹത്തെയാണല്ലോ ഉന്നമിപ്പിക്കാൻ യത്നിച്ചത്. എങ്കിലും കട്ടക്കയം പൊതുസമൂഹത്താൽ സമാദരിക്കപ്പെട്ടിരുന്നു. എന്നതിനു വ്യക്തമായ തെളിവുകളുണ്ട്. അദ്ദേഹത്തിന്റെ ചരമത്തോടനുബന്ധിച്ചുള്ള പത്രവാർത്തകൾ അതു വെളിപ്പെടുത്തുന്നു. ഇന്നത്തെ തലമുറയുടെ അറിവിലേക്കായി അന്നത്തെ ചില പത്രവാർത്തകൾ എടുത്തു ചേർക്കാനാണ് ഞാനിവിടെ ഉദ്ദേശിക്കുന്നത്. 1936 നവംബർ 29നാണു കട്ടക്കയം അന്തരിച്ചത്. പിറ്റേന്നു മലയാളമനോരമയിൽ വാർത്തവന്നു.

**മലയാളമനോരമ 1936 നവംബർ 30.**

മഹാകവി കട്ടക്കയം ഞായറാഴ്ച രാത്രി നിര്യാതനായി. (പ്രത്യേകലേഖകൻ പാലാ വൃശ്ചികം 15)

മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള അവർകൾ ഇക്കഴിഞ്ഞ രാത്രി (ഞായറാഴ്ച രാത്രി) പതിനൊന്നരമണിക്ക് എഴുപത്തി ഏഴാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്ന വിവരം ഏറ്റവും വ്യസന സമേതം പ്രസ്താവിച്ചുകൊള്ളുന്നു. ശവസംസ്കാരം നാളെ പത്തുമണിക്കു നടക്കുന്നതാണ്.

**മലയാളമനോരമ 1936,ഡിസംബർ 1**

“ഉദ്ദേശം പത്തിൽപരം കൊല്ലങ്ങളായി വാതരോഗം ബാധിച്ച് സ്വഗൃഹത്തിൽ ശയ്യാവലംബിയെന്ന നിലയിൽ കഴിച്ചുകൂട്ടിവരികയായിരുന്നു.

പ്രസിദ്ധ ആയുർവേദ ഭിഷഗ്വരന്മാരായ ഒല്ലൂർ മൂസ്സ് അവർകൾ, പന്തളം കൃഷ്ണവാര്യർ അവർകൾ, മുതലായവർ സ്ഥലത്തു വന്ന് രോഗിയെകണ്ടു നിർദേശിച്ചതനുസരിച്ച് വേണ്ട മരുന്നുകൾ കഴിച്ചും, പിഴിച്ചിൽ, തിരുമ്മ് മുതലായവ നടത്തിയും ചികിത്സ നിർവഹിച്ചു വരികയായിരുന്നു. രണ്ടു മാസമായി വാർധക്യസഹജമായ ചില സുഖക്കേടുകൾ കൂടുതലായി ബാധിക്കുകയും ഭിഷഗ്വരന്മാരുടെ ചികിത്സകൾ യാതൊന്നും ഫലപ്പെടാതെ അസ്വാസ്ഥ്യം നാൾക്കുനാൾ വർധിച്ച് ഇക്കഴിഞ്ഞ രാത്രി ഈ അത്യാഹിതത്തിന് ഇടയാകുകയുമാണു ചെയ്തത്.

ഇദ്ദേഹത്തിനു മൂന്നു പുത്രന്മാരാണുള്ളത്. മൂത്ത പുത്രൻ ജോൺ ഒരു കവിയും വാഴക്കുളം റബ്ബർ എസ്റ്റേറ്റ് ഉടമസ്ഥനുമാണ്. പാലാ മുൻസിഫ്കോർട്ടിലെ അഭിഭാഷകപ്രമാണിയും സമുദായ നേതാവും പൊതുകാര്യ പ്രസക്തനുമാണ് രണ്ടാമത്തെ പുത്രനായ മാത്യു കട്ടക്കയം.

ബാങ്കറായും പല കമ്പനികളുടെ പ്രാരംഭ പ്രവർത്തകനായും ഡയറക്ടറായും മറ്റും പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള ഇളയ പുത്രൻ ജോസഫ് ഇപ്പോൾ കറുകുറ്റി എസ്റ്റേറ്റു മാനേജരായി തൽ സംബന്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. എട്ടു മണിയോടുകൂടി ശവസംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു.

70ൽ പരം വൈദികരുടെ സഹകരണ ത്തിൽ ഒപ്പീസ്. റവ.ഫാ.ജേക്കബ് വെള്ളരി ങ്ങാട്ടിന്റെ ചരമ പ്രസംഗം. പാലാ, ഭരണ ങ്ങാനം ഫൊറാനകളിൽപെട്ട 21 പള്ളികളിൽ നിന്നും കൊണ്ടുവന്ന കുട, കുരിശ് മുതലാ യവയുടെയും ദർശന സമൂഹത്തിന്റെയും അകമ്പടിയോടെ സംസ്കാരഘോഷയാത്ര. മൂന്നു പൊന്നിൻ കുരിശുകൾ, 32 വെള്ളി ക്കുരിശുകൾ, അസംഖ്യം മുത്തുക്കുടകൾ, പല സെറ്റ് ബാന്റു വാദ്യങ്ങൾ. ഏകദേശം ഒന്നര മണിക്കൂർ നീണ്ടുനിന്ന സംസ്കാര ഘോഷയാത്ര പതിനൊന്നരമണിയോടെ പാലാ വലിയ പള്ളിയിൽ എത്തിച്ചേർന്നു.

ചങ്ങനാശ്ശേരി മെത്രാൻ മാർ ജെയിംസ് കാളാശ്ശേരി,കോട്ടയം മെത്രാൻ മാർ അലക് സാണ്ടർ ചൂളപ്പറമ്പിൽ, വിജയപുരം മെ ത്രാൻ ഡോ. ബൊനവന്തൂര എന്നിവരുടെ യും പ്രമുഖരായ അനേകം വൈദികരുടെ യും സഹകരണം. ഡോ.പ്ലാസിഡ് പി.എച്ച്. ഡി, ഡി.സി.എൽ നടത്തിയ രണ്ടാമത്തെ ചരമ പ്രസംഗം. അനന്തരം മോൺ. ജേക്കബ് കല്ലറയ്ക്കലിന്റെ നേതൃത്വത്തിൽ 120 വൈദി കരുടെ സഹകരണത്തോടെ ഒപ്പീസ്. അതു കഴിഞ്ഞ്, മൂന്നാമത്തെ ചരമപ്രസംഗം കോട്ടയം മെത്രാൻ മാർ അലക്സാണ്ടർ ചൂള പ്പറമ്പിൽ നിർവഹിച്ചു. പിന്നീട്, മൃതദേഹം ചെറിയ പള്ളിയിലേക്കു സംവഹിച്ച് അവിടെ സജ്ജമാക്കിയിരുന്ന കല്ലറയിൽ സംസ്കരി ച്ചു. പള്ളി മുറ്റത്തെ വിശാലമായ പന്തലിൽ 3000 ത്തിലധികം പേർക്കു സദ്യയും 2000ൽ പരം അഗതികൾക്കു അന്നദാനവും നട ത്തി."

നസ്രാണി ദീപികയും മനോരമയും കൂടാതെ, മലയാളരാജ്യം, സർവ്വീസ്, മലയാ ളി, ദീപം, സത്യനാദം, സന്ദേശം, സത്യദീ പം, നവഭാരതി, കേരള സന്ദേശം, സാഹി ത്യപരിഷത്ത് ത്രൈമാസിക, മധ്യസ്ഥൻ തുട ങ്ങിയ പ്രസിദ്ധീകരണങ്ങളിൽ മുഖപ്ര സംഗങ്ങളും ജീവചരിത്രവും സുദീർഘമായ ചരമവാർത്തയും പ്രസിദ്ധീകരിച്ചു.

എറണാകുളം, വരാപ്പുഴ, തൃശ്ശൂർ, കോട്ടാർ, വിശാഖപട്ടണം, തിരുവല്ല എന്നീ മെത്രാസന അരമനകളിൽ നിന്നും ആലുവ സെമിനാരിയിൽ നിന്നും ഡോ.പി.ജെ.തോ മസ്, എ.വി.തോമസ്, മഹാകവി ഉള്ളൂർ, വട ക്കുംകൂർ രാജരാജവർമ്മരാജ, കോട്ടയ്ക്കൽ പി.വി. കൃഷ്ണവാര്യർ, മൂർക്കോത്തു കുമാ രൻ, ജോസഫ് തളിയത്ത് (ഹൈക്കോടതി ജഡ്ജി) തുടങ്ങിയ പ്രശസ്ത വ്യക്തികളിൽ നിന്നും അനുശോചന സന്ദേശങ്ങൾ ലഭി ച്ചു. ചങ്ങനാശ്ശേരി, പുളിങ്കുന്ന്, ചിറക്കടവ്, ആനിക്കാട്, കാഞ്ഞിരത്താനം, എങ്ങണ്ടി യൂർ, അയിരൂർ, കൊച്ചി, മുത്തോലി, ആലു വ, കോട്ടയം, ചമ്പക്കുളം, തിടനാട്, വടക്കൻ പറവൂർ, തത്തംപള്ളി, എരമല്ലൂർ, എടത്വ, ചേന്നങ്കരി, വാഴക്കുളം, തൊടുപുഴ, കാഞ്ഞി രപ്പള്ളി, എരമല്ലൂർ, അറുനൂറ്റിമംഗലം, മണർകാട് തുടങ്ങിയ സ്ഥലങ്ങളിൽ അനു ശോചന സമ്മേളനങ്ങൾ നടന്നതായി പത്ര ങ്ങൾ റിപ്പോർട്ടു ചെയ്തു.

> പാലാ, ഭരണങ്ങാനം ഫൊറാനക ളിൽപെട്ട 21 പള്ളികളിൽ നി ന്നും കൊണ്ടുവന്ന കുട, കുരിശ് മുതലായവയുടെയും ദർശന സമൂഹത്തിന്റെയും അകമ്പടി യോടെ സംസ്കാരഘോഷയാത്ര. മൂന്നു പൊന്നിൻ കുരിശുകൾ, 32 വെള്ളിക്കുരിശുകൾ, അസം ഖ്യം മുത്തുക്കുടകൾ, പല സെറ്റ് ബാന്റു വാദ്യങ്ങൾ, ഏകദേശം ഒന്നര മണിക്കൂർ നീണ്ടുനിന്ന സംസ്കാര ഘോഷയാത്ര പതി നൊന്നരമണിയോടെ പാലാ വലിയ പള്ളിയിൽ എത്തിച്ചേർ ന്നു.

റോമ, മലയാളി ലിറ്റററി യൂണിയൻ കൊളംബോ, മലബാർ കാത്തലീക് സെൻ ട്രൽ അസോസിയേഷ്യൻ കൊളംബോ, സിറിയൻ ക്രിസ്ത്യൻ അസോസിയേഷൻ മദ്രാസ് എന്നീ വിദൂരദേശങ്ങളിലും അനു ശോചന സമ്മേളനങ്ങൾ നടക്കുകയുണ്ടായി. കൊച്ചി സാംസ്ഥാനിക ലത്തീൻ കോൺഫ്ര ൻസും സമ്മേളിച്ചു. അനുശോചനപ്രമേയം പാസ്സാക്കി.

അനുശോചനയോഗങ്ങളിൽ തിരുവനന്ത പുരത്തേതു രണ്ടെണ്ണം എടുത്തു പറയേണ്ട താണ്. ഐ.സി.ചാക്കോ, സി.വി.കുഞ്ഞുരാ മൻ, എം.ആർ.മാധവവാര്യർ, സി.എൻ.എ.രാ മസ്വാ ശാസ്ത്രി, കെ.സി.ഈപ്പൻ, ഇ.എം.കോ വൂർ, സി.ജി.ഉലഹന്നാൻ, റിട്ട.ഹൈക്കോടതി ജഡ്ജി മുത്തു നായകം പിള്ള, ജസ്റ്റീസ് തളി യത്ത്, കെ.സി.രാമൻ, സി.പി.ഗോവിന്ദപിള്ള, ദേവസ്യ തകടിയേൽ, സി.എൽ.ആന്റണി, ജോസഫ് മീനാട്ടൂർ, പി.റ്റി.ജോസഫ് തുട ങ്ങിയവർ പ്രസംഗിച്ചു. പാലായിൽ നടന്ന രണ്ട് അനുശോചന സമ്മേളനങ്ങളെ ചെറിയ തോതിലെങ്കിലും സ്പർശിക്കാതെ ഈ വിവരണം അവസാനിപ്പിക്കുന്നത് ഉചി തമാണെന്നു തോന്നുന്നില്ല.

1937 ഫെബ്രുവരി 2,3,4 തീയതികളിലെ മലയാള മനോരമയിൽ നിന്ന്:

"ആദ്യത്തെ സമ്മേളനത്തിൽ സാഹിത്യ കുശലൻ ടി.കെ.കൃഷ്ണമേനോൻ അധ്യക്ഷ നായിരുന്നു. പതിവുപോലെ പ്രിയപത്നി സാഹിത്യസഖി ടി.സി.കല്യാണി അമ്മയോ ടൊപ്പമാണ് അദ്ദേഹം എത്തിച്ചേർന്നത്. എ. സി.കുര്യാക്കോസിന്റെ സ്വാഗതപ്രസംഗത്തി നുശേഷം, കൊച്ചി കേരള വർമ്മ ബി.എ/ ബി.എൽ, കൊട്ടാരത്തിൽ ശങ്കുണ്ണി, നടുവ ത്തച്ഛൻ നമ്പൂതിരി, മഹാകവി ഉള്ളൂർ, ഐ. സി.ചാക്കോ, ഡോ.പി.ജെ.തോമസ്, മൂർക്കോ ത്തു കുമാരൻ, കോട്ടയ്ക്കൽ കൃഷ്ണവാ ര്യർ, വി.കൃഷ്ണൻതമ്പി, സാഹിത്യ പഞ്ചാ നനൻ, പി.കെ.നാരായണപിള്ള, സദസ്യ തിലകൻ ടി.കെ.വേലുപിള്ള, സി.വി.കുഞ്ഞു രാമൻ, എസ്.കൃഷ്ണയ്യർ, കെ.വി.സൈമൺ, ടി.കെ.ജോസഫ്, സി.എസ്.സുബ്രഹ്മണ്യൻ പോറ്റി തുടങ്ങിയവരുടെ അനുശോചന സന്ദേശങ്ങൾ വായിച്ചു. ഡോ.എം.ഗോദ വർമ്മ രാജ, കുമ്മനം കെ.ഗോവിന്ദപിള്ള, എ. ഡി.ഹരിശർമ്മ, എം.സി.മത്തായി എന്നിവർ പ്രസംഗിച്ചു. സി.എം.സെബാസ്റ്റ്യൻ അതിര മ്പുഴ കവിത വായിച്ചു.

അന്നേ ദിവസം തന്നെ ഉച്ചകഴിഞ്ഞ്, രണ്ടാം സമ്മേളനം നടന്നു. മഹാകവി വള്ള ത്തോൾ ആധ്യക്ഷ്യം വഹിച്ചു. അധ്യക്ഷന്റെ സുദീർഘമായ പ്രസംഗം കഴിഞ്ഞ്, വടക്കും കൂർ രാജരാജവർമ്മ രാജ, ജോസഫ് മുണ്ട ശ്ശേരി, എം.ആർ.മാധവവാര്യർ, എം.ഒ.ജോ സഫ് നെടുങ്കുന്നം, പുലിയന്നൂർ എസ്.രാമ യ്യർ എന്നിവരുടെ പ്രഭാഷണങ്ങളാണു നട ന്നത്. ജോസഫ് മുകളയിൽ, ജോസഫ് മുഹ മ്മ എന്നിവർ കവിതകൾ വായിച്ചു. പ്രസി ദ്ധനായ നിമിഷകവി ഫാ.അബ്രഹാം കുട കശ്ശേരിയുടെ നിമിഷകവിതാ പ്രഭാഷണം സദസ്യർ ശ്രദ്ധയോടെ ശ്രവിക്കുന്നുണ്ടായി രുന്നു." മഹാകവി പാലാ നാരായണൻ നായർ രചിച്ച വിലാപകാവ്യത്തിലെ ഏതാ നും വരികൾ മാത്രം ഉദ്ധരിച്ചുകൊണ്ട് ഈ അനുസ്മരണം അസാനിപ്പിക്കാം:

*"കഷ്ടം! മറഞ്ഞു കഴിഞ്ഞു കാലാബ്ധിയിൽ*
*കട്ടക്കയത്തിന്റെ ജീവിതപോതകം!*
*മന്ദം ചിറകടിച്ചെങ്ങോ പറന്നുപോയ്*
*മന്നിനാനന്ദം പകർന്നൊരാപ്പൈങ്കിളി!*
*മാറ്റൊലിക്കൊണ്ടുകൊണ്ടാഹാ! തളർന്നു പോയ്*
*മുറ്റുമാനന്ദം പകർന്നൊരാ ക്കാകളി!*
*കണ്ണേ! നിനക്കിനിക്കാണുവാനാവതോ*
*വിണ്ണിലേക്കോടി മറഞ്ഞൊരാ പൈങ്കിളി?*
*നീറുന്നതെന്തിനെൻ ചിത്തമേ, നിത്യവും*
*മാറുന്നു, നശ്വരമാകുന്നു സർവ്വവും!*
*ഹാ! ഹാ! നിയതിതൻ നീർച്ചാലൊഴുക്കിലെ*
*നീഹാര ബിന്ദുക്കളാണുപോൽ നമ്മളും!*
*ഇന്നു ഞാൻ നാളെ നീ യെന്നല്ലി വിശ്വമേ*
*നിന്നിൽ നിന്നുൽ ഗ്ഗളിക്കുന്നൊരാദ്യക്ഷരം*
*ഇന്നിതാ സാർത്ഥകമാക്കിപോൽ മർത്യതേ,*
*മന്നിൽ നിന്നോടി മറഞ്ഞ കട്ടക്കയം!*

❄




# ന്യൂസ് ഡയറി

(16 - 22 ഡിസംബർ 2011)

**പി.ആർ.**

**16.** 16-ാമതു രാജ്യാന്തര ചലച്ചിത്രോത്സവത്തിൽ മികച്ച ചിത്രത്തിനുള്ള സുവർണ ചകോരം (15 ലക്ഷം രൂപ) കാർലോസ് സീസർ അർബലേസ് സംവിധാനം ചെയ്ത സ്പാനിഷ് ചിത്രമായ ദ് കളേഴ്സ് ഓഫ് ദ് മൗണ്ടൻസും, മികച്ച സംവിധായകനുള്ള രജത ചകോരം (നാലു ലക്ഷംരൂപ) ഇറാൻ ചിത്രമായ ഫ്ളെമിങ്ഗോ നമ്പർ 13 ന്റെ സംവിധായകൻ ഹമീദ് റേസ അലിഘോലിയനും നേടി.

✸ ഹൈക്കോടതിയിൽ ഔദ്യോഗികാവശ്യങ്ങൾക്ക് എത്തുന്ന പോലീസ് ഉദ്യോഗസ്ഥർ നിർബന്ധമായും യൂണിഫോം ധരിക്കണമെന്നു ഹൈക്കോടതി നിർദ്ദേശിച്ചു.

**17.** കായംകുളം ശ്രീനാരായണ സെൻട്രൽ സ്കൂളിലെ മൂന്നു പത്താം ക്ലാസ് വിദ്യാർത്ഥികൾ അഴീക്കലിൽ കടലിൽ കുളിക്കുന്നതിനിടെ മുങ്ങി മരിച്ചു.

✸ വയനാട് ജില്ലയിലെ റവന്യൂ റിക്കവറി നടപടികൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചു സംസ്ഥാന സർക്കാർ ഉത്തരവായി.

**18.** വിശ്വഹിന്ദു പരിഷത്ത് (വി.എച്ച്.പി) വർക്കിംഗ് പ്രസിഡണ്ടായി ഡോ.പ്രവീൺ തൊഗാഡിയയെയും, സെക്രട്ടറി ജനറലായി ചമ്പത്ത് റായിയെയും രാജ്യാന്തര പ്രസിഡണ്ടായി രാഘവ റെഡ്ഡിയെയും കൊച്ചിയിൽ ചേർന്ന പ്രതിനിധി സമ്മേളനം തിരഞ്ഞെടുത്തു.



✸ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 400 മീറ്റർ ചുറ്റളവിൽ ലഹരി പദാർത്ഥങ്ങൾ വില്ക്കുന്നതു സർക്കാർ നിരോധിച്ചു.

**19.** ബിവറേജസ് കോർപ്പറേഷന്റെ തിരുവനന്തപുരം പാപ്പനം കോട്ടെ ഗോഡൗണിലുണ്ടായ അഗ്നിബാധയിൽ പതിനായിരത്തിലേറെ ലിറ്റർ വിദേശമദ്യം നശിച്ചു.

✸ എസ്.എൻ.സി. ലാവ്‌ലിൻ കേസിൽ മുൻ വൈദ്യുതി മന്ത്രിമാരായ പിണറായി വിജയനും ജി.കാർത്തികേയനും സാമ്പത്തിക നേട്ടമുണ്ടാക്കിയതിനു തെളിവില്ലെന്നു പ്രത്യേക കോടതിയിൽ സമർപ്പിച്ച തുടരന്വേഷണ റിപ്പോർട്ടിൽ സിബിഐ വ്യക്തമാക്കി.

**20.** ഒരു പകലും രാത്രിയും നീണ്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ കോട്ടയം ജില്ലയിലെ അരലക്ഷത്തിലേറെപ്പേരുടെ പരാതികൾക്കു പരിഹാരമായി.



**21.** പ്രൊഫ.എം.കെ. സാനു രചിച്ച വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവചരിത്ര ഗ്രന്ഥമായ 'ബഷീർ: ഏകാന്ത വീഥിയിലെ അവധൂതൻ' കേന്ദ്രസാഹിത്യ അക്കാദമി അവാർഡിനായി (ഒരു ലക്ഷം രൂപ) തെരഞ്ഞെടുക്കപ്പെട്ടു.



**22.** പച്ചാളം സ്വദേശിനി ബിജുവിനെ വെട്ടിക്കൊലപ്പെടുത്തിയ കേസിലെ പ്രതിയായ വയനാട് സ്വദേശി റഷീദിനു (37) വധശിക്ഷയും ഇരട്ട ജീവപര്യന്തവും വിവിധ കുറ്റകൃത്യങ്ങൾക്കായി 11 ലക്ഷം രൂപ പിഴയും എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി വിധിച്ചു.

✸ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ പ്രശ്നങ്ങളെക്കുറിച്ചു പഠിച്ചു മൂന്നുമാസത്തിനുള്ളിൽ റിപ്പോർട്ട് സമർപിക്കാൻ ഏഴംഗ വിദഗ്ധ സമിതിയെ സംസ്ഥാന സർക്കാർ നിയോഗിച്ചു.




**16.** മുല്ലപ്പെരിയാർ അണക്കെട്ടിനെ ചൊല്ലിയുള്ള കേരളത്തിന്റെ ആശങ്ക ഉപതെരഞ്ഞെടുപ്പു മുന്നിൽ കണ്ടു രാഷ്ട്രീയ മുതലെടുപ്പു ലക്ഷ്യമാക്കിയുള്ളതാണെന്നു തമിഴ്നാട് കോൺഗ്രസ് കമ്മിറ്റി ചെന്നൈയിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി പി.ചിദംബരം.



✸ 2 ജി സ്പെക്ട്രം വിലനിർണയത്തിനു മുൻ മന്ത്രി എ.രാജയ്ക്കും അന്നു ധനമന്ത്രിയായിരുന്ന ആഭ്യന്തര മന്ത്രി പി.ചിദംബരത്തിനും തുല്യ പങ്കാണുള്ളതെന്നു ജനതാ പാർട്ടി അധ്യക്ഷൻ സുബ്രഹ്മണ്യൻ സ്വാമി പ്രത്യേക സിബിഐ കോടതിയിൽ രേഖകൾ സഹിതം മൊഴി നല്കി.



**17.** ഇസ്രത്ത് ജഹാൻ വ്യാജ ഏറ്റുമുട്ടൽ സംഭവത്തിൽ ഗുജറാത്ത് പോലീസിലെ 20 പേർക്കെതിരെ സിബിഐ കേസ് റജിസ്റ്റർ ചെയ്തു.

✸ ബാംഗ്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ 2005 ഡിസംബർ 28നു ഭീകരാക്രമണം നടത്തിയ കേസിൽ ആറു ലഷ്കറെ തയിബക്കാർക്കു കർണാടക ഹൈക്കോടതി ജീവപര്യന്തം ശിക്ഷ വിധിച്ചു

**18.** ദത്തുപുത്രൻ വി.എൻ.സുധാകരൻ, ഉറ്റതോഴി ശശികല, ശശികലയുടെ ഭർത്താവ് നടരാജൻ എന്നിവരുൾപ്പെടെ 14 പേരെ തമിഴ്നാട് മുഖ്യമന്ത്രി ജയലളിത അണ്ണാ ഡി.എം.കെയിൽ നിന്നു പുറത്താക്കി.



✷ രാഷ്ട്രീയ ലോക്ദൾ (ആർ.എൽ.ഡി) അധ്യക്ഷൻ അജിത് സിങ് വ്യോമയാന മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു.

**19.** ദേശീയ ഭക്ഷ്യസുരക്ഷാ ബിൽ കേന്ദ്രമന്ത്രിസഭ അംഗീകരിച്ചു.

✷ ഉത്തർപ്രദേശിനെ നാലായി വിഭജിക്കാനുള്ള സംസ്ഥാന നിയമസഭയുടെ പ്രമേയം കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടു കേന്ദ്രം തിരിച്ചയച്ചു.

**20.** സിബിഐയെ ഒഴിവാക്കിയും പ്രധാനമന്ത്രിയെ നിബന്ധനകൾക്കു വിധേയമായി ഉൾപ്പെടുത്തിയും ലോക്പാൽ ബില്ലിനു കേന്ദ്ര മന്ത്രിസഭ അംഗീകാരം നല്കി.

✷ സർക്കാർ സേവനങ്ങളും പരാതി തീർപ്പാക്കലും പൗരാവകാശമാക്കുന്ന ബിൽ ലോക്സഭയിൽ അവതരിപ്പിച്ചു.



**21.** പ്രശസ്ത ശാസ്ത്രജ്ഞനും ആണവോർജ കമ്മീഷൻ മുൻ ചെയർമാനും പദ്മഭൂഷൺ ജേതാവുമായ ഡോ.പി.കെ.അയ്യങ്കാർ (80) അന്തരിച്ചു. തിരുവനന്തപുരം സ്വദേശിയായ അദ്ദേഹം മുംബൈയിലായിരുന്നു താമസിച്ചിരുന്നത്.



✷ അഴിമതിക്കേസിൽ മുൻ ടെലികോം മന്ത്രി സുഖ്റാമിനെ മൂന്നുവർഷം തടവിനു ശിക്ഷിച്ച വിചാരണകോടതി വിധി ഡൽഹി ഹൈക്കോടതി ശരിവച്ചു.



✷ സ്വതന്ത്ര ഇന്ത്യയ്ക്കുവേണ്ടി ആദ്യ ഒളിമ്പിക്സിൽ പങ്കെടുത്ത ഫുട്ബോൾ ടീമിലെ ഗോൾ കീപ്പർ കെ.വി.വരദരാജ് (91) അന്തരിച്ചു.

**22.** ദരിദ്രജനകോടികൾക്കു ഭക്ഷണം നിയമപരമായ അവകാശമാക്കുന്ന ഭക്ഷ്യ സുരക്ഷാ ബിൽ മന്ത്രി കെ.വി.തോമസ് ലോക്സഭയിൽ അവതരിപ്പിച്ചു.

✷ സർക്കാർ ജോലിയിലെ നിയമനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലവിലുള്ള 27 ശതമാനം ഒ.ബി.സി. സംവരണത്തിനുള്ളിൽ നാലരശതമാനം ന്യൂനപക്ഷ സംവരണം ഏർപ്പെടുത്താൻ കേന്ദ്രസർക്കാർ തീരുമാനിച്ചു.






**16.** യു.എൻ.രക്ഷാസമിതിയിൽ ഇന്ത്യയ്ക്കു സ്ഥിരാംഗത്വം ലഭിക്കാൻ റഷ്യ ശക്തമായ പിന്തുണ നല്കുമെന്ന് ഇന്ത്യാ-റഷ്യാ ഉച്ചകോടിക്കുശേഷം ക്രെംലിൻ കൊട്ടാരത്തിൽ ഇന്ത്യൻ പ്രധാനമന്ത്രി ഡോ.മൻമോഹൻസിംഗിനൊപ്പം നടത്തിയ സംയുക്ത പ്രസ്താവനയിൽ റഷ്യൻ പ്രസിഡണ്ട് ദിമിത്രി മെദ്‌വദേവ് പ്രഖ്യാപിച്ചു.

✷ 1965ലെ ഇന്ത്യാ-പാകിസ്ഥാൻ യുദ്ധത്തിൽ പാക് വ്യോമസേനയെ നയിച്ച എയർ മാർഷൽ (റിട്ട.)മാലിക് നൂർഖാൻ (88) അന്തരിച്ചു.

**17.** ചൈനയിലെ ലിയുഷുവിൽ നടന്ന സെമിയിൽ ഡെൻമാർക്കിന്റെ ടൈൻ ബൗണിനെ തോല്പിച്ച സൈന നെഹ്‌വാൾ സൂപ്പർസീരീസ് ബാഡ്മിന്റൺ സിംഗിൾസ് ഫൈനലിൽ എത്തുന്ന ആദ്യ ഇന്ത്യൻ താരമെന്ന റെക്കോർഡു നേടി.



✷ ദക്ഷിണ ഫിലിപ്പീൻസിൽ 90 കി.മീ വേഗത്തിൽ വീശിയടിച്ച 'വാഷി' ചുഴലികൊടുങ്കാറ്റിലും തുടർന്നുണ്ടായ പ്രളയത്തിലും അഞ്ഞൂറിലധികം പേർ മരിച്ചു.



**18.** ഉത്തരകൊറിയയുടെ പരമോന്നത നേതാവും ഭരണത്തലവനുമായ കിം ജോങ് ഇൽ (69) അന്തരിച്ചു.

✷ ജനകീയ പ്രക്ഷോഭം തുടരുന്ന സാഹചര്യത്തിൽ അറബ് ലീഗിന്റെ നിരീക്ഷകരെ രാജ്യത്തു പ്രവേശിപ്പിക്കാൻ സിറിയ സമ്മതിച്ചു.



**19.** ചെക്കോസ്ലോവാക്യയ്ക്കു സോവിയറ്റ് യൂണിയനിൽ നിന്നും സ്വാതന്ത്ര്യം നേടിക്കൊടുത്ത 'വെൽവറ്റ് വിപ്ലവ' നേതാവും മുൻ പ്രസിഡണ്ടുമായ വക്ലാവ് ഹാവൽ (75) അന്തരിച്ചു.

✷ ഒൻപതുവർഷം നീണ്ട അധിനിവേശത്തിനു പൂർണവിരാമം കുറിച്ച് അവസാന യു.എസ്. സൈനികനും ഇറാഖിൽ നിന്നു തിരികെപ്പോയി.



**20.** അമേരിക്കയിലെ ന്യൂജഴ്സിയിൽ ചെറുവിമാനം തിരക്കേറിയ റോഡിൽ തകർന്നുവീണ് ഇന്ത്യൻ വംശജനുൾപ്പെടെ അഞ്ചുപേർ മരിച്ചു.

**21.** ഭീകരപ്രവർത്തനത്തിലുള്ള പങ്കാളിത്തം ആരോപിച്ച് ഇറാഖ് വൈസ് പ്രസിഡണ്ട് താരിഖ് അൽ ഹാഷ്മിക്കെതിരെ അറസ്റ്റു വാറണ്ട്.

**22.** ഇറാഖ് തലസ്ഥാനമായ ബാഗ്ദാദിന്റെ വിവിധഭാഗങ്ങളിലുണ്ടായ 14 ബോംബ് സ്ഫോടനങ്ങളിൽ 72 പേർ കൊല്ലപ്പെട്ടു. ❄❄




# ഫാദർ ഡാമിയന്റെ വിശുദ്ധമായ ജീവിതം

*അതിസാഹസികനായ ഫാദർ ഡാമിയന്റെ, ഇതിഹാസമായി മാറിയ മഹത്തായ ജീവിതകഥയാണു 'ഡാമിയൻ ദ് ലപ്പർ.' ജോൺ ഫറോയുടെ ഈ മൂലകൃതിക്ക് സിന്ധു ഷെല്ലി തയ്യാറാക്കിയ മൊഴിമാറ്റമാണ് 'ഡാമിയൻ എന്ന കുഷ്ഠരോഗി'. ഏതൊരാളുടെയും ആത്മീയാനുഭവത്തോടു ചേർത്തു നിർത്താൻ യോഗ്യമായ ഫാദർ ഈ ജീവചരിത്ര ഗ്രന്ഥത്തെക്കുറിച്ചു വിഖ്യാത ഇംഗ്ലീഷ് സാഹിത്യകാരൻ ഹ്യൂ വാൾപോൾ ആമുഖമായി ഇങ്ങനെ കുറിക്കുന്നു:*

“മിസ്റ്റർ ഫറോയുടെ ഈ പുസ്തകം സത്യസന്ധവും മനോഹരവുമാണെന്ന് അഭിപ്രായപ്പെടുന്നതിന്റെ കാരണം വളരെ ചുരുക്കിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു പക്ഷേ ലോകം ഫാദർ ഡാമിയന്റെ മഹത്വം അറിയുന്നില്ല. ഇതിന്റെ പ്രധാന സ്രോതസ് റോബർട്ട് ലൂയിസ് സ്റ്റീവൻസന്റെ മഹത്തായ കത്താണ്. ഫാദർ ഡാമിയന്റെ കഥ വളരെ സത്യസന്ധവും ലളിതവുമായി ആദ്യമായി വിവരിക്കുന്നത് ഇവിടെയാണെന്നു ഞാൻ കരുതുന്നു.

ഫാദർ ഡാമിയന്റെ സാഹസികത, അതിൽ ശക്തമായ ആധ്യാത്മികതയുടെ അഗ്നി ജ്വലിക്കുന്നില്ലെങ്കിൽ, തികച്ചും കാല്പനികവും അവിശ്വസനീയവുമാണ്. വിഷയത്തിന്റെ ആത്മീയവും, ഭൗതികവുമായ നാടകീയത അതിഭാവുകത്വം നിറഞ്ഞ ഒരു നാടകത്തെ ലളിതവും, സ്വീകരിക്കാവുന്നതുമാക്കുന്നു.

എന്നാൽ, ഫറോ ഒരിക്കലും അതിഭാവുകത്വം മാധ്യമമാക്കുന്നില്ല. അദ്ദേഹം ഫാദർ ഡാമിയന്റെ കഥാപാത്രത്തെ പുറമെ നിന്നു സൃഷ്ടിച്ചെടുക്കുന്നില്ല. മറിച്ച്, സംഭവങ്ങളിലൂടെ, എഴുത്തുകളിലൂടെ, മറ്റുള്ളവരുടെ വിമർശനങ്ങളിലൂടെ സ്വയം വളരാൻ ഇതിനെ അനുവദിക്കുന്നു.

പുസ്തകം അവസാനിക്കുമ്പോൾ അത്ഭുതകരവും, ആധികാരികവും, അത്യുത്സാഹഭരിതവുമായ ജീവിതം നയിച്ച ഈ വിശുദ്ധനെ നാം കണ്ടിട്ടുണ്ടെന്നും വ്യക്തിപരമായി അറിയുമെന്നും നമുക്കു തോന്നുന്നു.




*മൊഴിമാറ്റം: സിന്ധു ഷെല്ലി*
*പ്രസാ: മീഡിയാഹൗസ്*
*കോഴിക്കോട്-4*
*വില : ₹ 170/-*
*ഫോൺ: 9746440700*

കഥയ്ക്കു പശ്ചാത്തലമായ സൗത്ത് സീസ് അറിയാവുന്നതുകൊണ്ടും, ഫാദർ ഡാമിയന്റെ ദർശനങ്ങൾ മനസ്സിലാക്കാനും വിശ്വസിക്കാനും തന്റെ മതം അദ്ദേഹത്തെ സഹായിച്ചതിനാലും മിസ്റ്റർ ഫറോ ഭാഗ്യവാനാണ്. കാഴ്ചകളുടെ ഭൗതികമായ ഭയാനകതയെ അദ്ദേഹം തെല്ലും ചുരുക്കിപ്പറയുന്നില്ല. മറിച്ചു കാഴ്ചകളെല്ലാം വളരെ സമർത്ഥമായി താരതമ്യം ചെയ്യുന്നു- ഭൂമിയുടെയും കടലിന്റെയും ആകാശത്തിന്റെയും മനോഹരമായ പശ്ചാത്തലത്തിൽ. എന്നാൽ, ഒരു പക്ഷേ ഏറ്റവും പ്രധാനമായത് “എനിക്കും എന്റെ സുവിശേഷങ്ങൾക്കും വേണ്ടി തന്റെ ആത്മാവ് നഷ്ടപ്പെടുത്തുന്നവൻ വലിയൊരു വിജയം കൈവരിക്കും” എന്ന എന്നും നിലനില്ക്കുന്ന സത്യമായിരിക്കും.

ഫാദർ ഡാമിയനെക്കുറിച്ചു വളരെ കുറച്ചു വാക്കുകൾ മാത്രം പറഞ്ഞു വായനക്കാരന്റെ മനസ്സിൽ അദ്ദേഹത്തിന്റെ വളരെ കൃത്യമായ ഒരു ചിത്രം അവശേഷിപ്പിക്കാൻ മിസ്റ്റർ ഫറോയ്ക്ക് എങ്ങനെ കഴിഞ്ഞുവെന്ന് എനിക്കറിയില്ല.സ്റ്റീവൻസന്റെ എഴുത്തിൽ നിന്ന് ആ മുൻകോപിയായ മനുഷ്യൻ അവതരിപ്പിച്ച വിചിത്രമായ എതിർപ്പിന്റെ വാക്കുകൾ എനിക്കു മനസ്സിലായില്ല.

ഈ പുസ്തകം വായിച്ചപ്പോൾ, ഡാമിയൻ എന്റെ ശേഷിക്കുന്ന ജീവിതകാലത്തേക്കുള്ള എന്റെ സുഹൃത്താണെന്ന് എനിക്കു തോന്നുന്നു. ഇത് ഒരാളുടെ ആത്മീയാനുഭവത്തോടു ചേർത്തു നിർത്താം. ഇതിനായി മിസ്റ്റർ ഫറോയ്ക്കു ഞാൻ നന്ദി പറയുന്നു”.

*Chief Editor: Prof. Dr. Kurias Kumblakuzhy. Edited, printed and published by the Chief Editor for Pratichaya Publishing Trust, Kottayam. Printed at Mangalam Publications & Pvt. Ltd, Kottayam.*